**مناسك الحج خطوة....خطوة**

**وزارة الشؤون الإسلامية والأوقاف والدعوة والإرشاد**

**المملكة العربية السعودية**

**المشرف العام**

**معالي الشيخ/ صالح بن عبد العزيز بن محمد آل الشيخ**

**( وزير الشؤون الإسلامية والأوقاف والدعوة والإرشاد)**

**جمع وإعداد الشيخ/ طلال بن أحمد العقيل**

**ترجمة / شاكر حسين بن محمد الصلاحي**

**المكتب التعاوني للدعوة والإرشاد وتوعية الجاليات بمحافظة ثادق والمحمل**

**المملكة العربية السعودية**

# *ഹജ്ജിന്റെ കർമ്മ ശാസ്ത്രം*

*ശൈഖ് ത്വിലാലുബ്നു ഉഖൈൽ*

*വിവർത്തനം*

*ശാകിർ ഹുസൈൻ സ്വലാഹി*

بسم الله الرحمن الرحيم

# വിവര്‍ത്തകക്കുറിപ്പ്

സ്തുതികളഖിലവും അല്ലാഹുവിന് പ്രവാചകതിരുമേനിയുടെ മേലി ലും അനുചരന്‍ന്‍മാരിലും ദൈവത്തിന്റെ കൃപാ കടാക്ഷങ്ങള്‍ സദാ വര്‍ഷിക്കുമാറാകട്ടെ.

സൗദി മത കാര്യ മന്ത്രാലയം ഹാജിമാര്‍ക്ക് വിതരണം ചെയ്യാന്‍ വേണ്ടി പ്രസിദ്ധീകരിച്ച സൗദി ഹജ്ജ് മന്ത്രിയുടെ ഉപദേഷ്ടാവ് കൂടിയായ ശൈഖ് ത്വിലാലുബ്നു ഉഖൈല്‍ തയാറാക്കിയ (മനാസിക്കുല്‍ ഹജ്ജ് ഖത്വ ഖത്വ) എന്ന ലഘുകൃതിയുടെ വിവര്‍ത്തനമാണ് ഹജ്ജിന്റെ കര്‍മ്മ ശാസ്ത്രം എന്ന പേരിലുള്ള ഈ കൃതി . അവശ്യമെന്ന് തോന്നിയ സ്ഥലങ്ങളില്‍ അടിക്കുറിപ്പ് നല്‍കിയിട്ടുണ്ട് മൂലകൃതിയിലെ ആശയങ്ങള്‍ ചോര്‍ന്നു പോകാതിരിക്കാന്‍ കഴിവത് ശ്രമിച്ചിട്ടുണ്ട് എങ്കിലും തെറ്റുകളില്‍ നിന്ന് മുക്തമാണെന്ന് അവകാശപ്പെടുന്നില്ല അത് മനുഷ്യന് സാധ്യവുമല്ലല്ലോ ശ്രദ്ധയില്‍ പെടുന്ന പിഴവുകള്‍ സൂചിപ്പി ക്കണമെന്ന് അനുവാചകരോട് സ്നേഹപൂര്‍വം ഉണര്‍ത്തുന്നു. ഇതിന്റെ ഡി,റ്റി,പി വര്‍ക്കുകള്‍ ഭംഗിയായി ചെയ്ത പ്രിയ സുഹൃത്ത് സനോജ് അമാനുല്ല (അരീക്കോട്) ഇത് പരിശോധിച്ച് അവശ്യമായ നിര്‍ദ്ദശങ്ങള്‍ നല്‍കിയ ജനാബ് മുഹ്യിദ്ദീന്‍ ഫൈസി (ഉനൈസ) അബ്ദുറഷീദ്മദീനി(അല്‍റജ് ജാലിയാത്ത്) സഅ്ഫര്‍സാദിഖ്(ജുബൈല്‍), അബ്ദുറഹ്മാന്‍ സ്വലാഹി ശമീര്‍ സ്വലാഹി (ശഖ്റാ) എന്നിങ്ങനെ പല നിലക്ക് സഹായിച്ച എല്ലാവരോടുമുള്ള കൃതജ്ഞതയും കടപ്പാടും അറിയിക്കുന്നു നമുക്കെല്ലാവര്‍ക്കും അല്ലാഹു അര്‍ഹമായ പ്രതിഫലം നല്‍കുമാറാകട്ടെ. അവന്റെ സ്വര്‍ഗത്തില്‍ നമ്മേയേവരേയും ഒരുമിച്ചു ചേര്‍ക്കുകയും ചെയ്യട്ടെ പ്രവര്‍ത്തിച്ച എല്ലാവരേയും നിങ്ങളുടെ പ്രാര്‍ഥനയില്‍ ഉള്‍പെടുത്താന്‍ മറക്കരുതെന്ന് വായനക്കാരെ പ്രത്യേകം ഉണര്‍ത്തുന്നു.

വിവര്‍ത്തകന്‍

**ഇസ്ലാമിക് ഗൈഡന്‍സ് സെന്റര്‍**
**ഥാദിഖ്(റിയാദ്) 064439228104**

# ഹജ്ജിന്റെ മൂന്ന് രീതി

## 1) التمتع (തമത്തുഅ്)

ഹജ്ജിന്റെ മാസങ്ങളിൽ(ശവ്വാൽ, ദുൽഖഅദ, ദുൽഹിജ്ജയിലെ ആദ്യത്തെപത്ത് ദിവസങ്ങൾ) **ലബ്ബൈക്ക ഉംറത്തൻ മുത്തമത്തിഅൻ ഇലൽ ഹജ്ജി** എന്ന് പറഞ്ഞ് ഇഹ്റാമിൽ പ്രവേശിച്ച് ഉംറ പൂർത്തിയാക്കി തഹല്ലുലാവുക. ശേഷം ദുൽഹിജ്ജ എട്ടിന് മക്കയിലെ താമസ സ്ഥലത്ത് നിന്ന് ഹജ്ജിനുള്ള ഇഹ്റാമിൽ പ്രവേശിച്ച് ഹജ്ജിന്റെ കർമങ്ങൾ പൂർത്തിയാക്കുകയുംചെയ്യുക. ***(ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ മാത്രം നിഷിദ്ധമായിരുന്ന എല്ലാ കാര്യങ്ങളും അനുവദനീയമാകുന്ന തിനാണ് തഹല്ലുൽ എന്ന് പറയുന്നത്)***

## 2) القران (ഖിറാൻ)

മേൽമാസങ്ങളിൽ ഹജ്ജിനും ഉംറക്കും ഒരുമിച്ച് ലബ്ബൈക്ക ഉംറത്തൻ വഹജ്ജൻ എന്ന് പറഞ്ഞ് ഇഹ്റാമിൽ പ്രവേശിക്കുക മക്കയിലെത്തിയതിന് ശേഷം ഖുദൂമിന്റെ ***(മക്കയിലെത്തിയാൽ ആദ്യം ചെയ്യുന്ന ത്വവാഫ് പ്രത്യേക ശ്രദ്ധക്ക് മസ്ജിദുൽ ഹറാമിലെത്തിയാൽ ആദ്യം ത്വവാഫാണ് ചെയ്യേണ്ടത് സാധാരണ പോലെ രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കാരമല്ല)*** ത്വവാഫും സഅ്യും ചെയ്ത് ഇഹ്റാമിൽ തന്നെ അവശേഷിക്കുക (ഉംറക്കും ഹജ്ജിനും ഒരു സഅ്യ് മതി) ശേഷം ദുൽഹിജ്ജ എട്ടിന് മിനയിലേക്ക് പുറപ്പെട്ട് എല്ലാകർമങ്ങളും മുതമത്തിഅ് ചെയ്യുന്നത്പോലെ ചെയ്യുക സഅ്യ് നേരത്തെ ചെയ്തതിനാൽ പിന്നീട് ചെയ്യേണ്ടതില്ല മുമ്പ് ചെയ്തിട്ടില്ലെങ്കിൽ സഅ്യും ചെയ്യണം ഇപ്രകാരം തമത്തുഅ് ആയോ ഖിറാനായോ നിർവഹിക്കുന്ന മക്കാനിവാസികളല്ലാത്ത ഹാജിമാർ ഹദ്യ് (ബലി) നൽകണം നൽകാൻ സാധിക്കാത്തവൻ 3 നോമ്പ് മക്കയിൽ വെച്ചും 7എണ്ണം നാട്ടിൽ വെച്ചും (മൊത്തം 10) നോറ്റ് വീട്ടുക.. ഈ മൂന്ന് നോമ്പ് ദുൽഹിജ്ജ 11,12,13 ദിവസങ്ങളിലും. പെരുന്നാളല്ലാത്ത മറ്റു ദിവസങ്ങളിലും അനുഷ്ഠിക്കാവുന്നതാണ്. ദുൽഹിജ്ജ 13 ന് മുമ്പ് നോൽക്കലാണ് കൂടുതൽ ശ്രേഷ്ഠമായത്.

## 3) الإفراد (ഇഫ്റാദ്)

ലബ്ബൈക്ക ഹജ്ജൻ എന്ന് പറഞ്ഞ് ഹജ്ജിന് മാത്രം ഇഹ്റാമിൽ പ്രവേശിച്ച് മക്കയിലെത്തിയാൽ ഖുദൂമിന്റെ ത്വവാഫും ശേഷം ഹജ്ജിന്റെ സഅ്യും ചെയ്യുക. സഅ്യ് ഹജ്ജിന്റെ ത്വവാഫിന്റെ കൂടെയും ചെയ്യാവുന്നതാണ് ശേഷം ഇഹ്റാമിൽ തന്നെ അവശേഷിക്കുക. പിന്നീട് ദുൽഹിജ്ജ എട്ട് മുതൽ ഹജ്ജിന്റെ ബാക്കി കർമങ്ങൾ മുതമത്തിഅും ഖാരിനും ചെയ്യുന്നത് പോലെ ചെയ്ത് പൂർത്തിയാക്കുക എന്നാൽ ത്വവാഫുൽ ഖുദൂമിന്റെ കൂടെ സഅ്യ് ചെയ്താൽപിന്നീട്സഅ്യ് ചെയ്യേണ്ടതില്ല. ഇതാണ് ഇഫ്റാദ്. ബലി മൃഗം കൊണ്ടു വരാത്തവന് ശ്രേഷ്ഠമായത് തമത്തുഅ് ആകുന്നു. ഇഫ്റാദ് രീതി സ്വീകരിച്ചവന് ബലിനിർബന്ധമില്ല.

# ഇഹ്റാമിൽ പ്രവേശിക്കാൻ നിശ്ചയിച്ച സ്ഥലങ്ങൾ (മീഖാത്തുകൾ)

**(ബ്രാക്കറ്റിൽ പഴയ പേര് )**


1 **അബ്യാർ അലി** : **(ذوالحُليفة)** മദീനക്കാരുടേയും മദീന വഴി കടന്ന് പോകുന്നവരുടേയും മീഖാത്ത് മക്കയിൽ നിന്ന് *450* കിലോ മീറ്റർദൂരം.

2 **റാബഗ്** : **(جُحْفَة)** സിറിയ, ഈജിപ്ത്, മൊറോക്കോ എന്നീ രാജ്യക്കാരുടേയും റാബഗ് വഴി കടന്ന് പോകുന്നവരുടേയും മീഖാത്ത് മക്കയിൽ നിന്ന് *183* കിലോ മീറ്റർദൂരം.

3 **ത്വാഇഫ്** : **(قَرَنُ المنازل)** നജ്ദുകാരുടേയും സൈലുൽ കബീർ(ത്വാഇഫ്) വഴി കടന്ന് പോകുന്നവരുടേയും മീഖാത്ത് മക്കയിൽ നിന്ന് *75* കിലോ മീറ്റർദൂരം.

**عَنْ ابْنِ عَبَّاسٍ ﷺ قَالَ إِنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَقَّتَ لِأَهْلِ الْمَدِينَةِ ذَا الْحُلَيْفَةِ وَلِأَهْلِ الشَّأْمِ الْجُحْفَةَ وَلِأَهْلِ نَجْدٍ قَرْنَ الْمَنَازِلِ وَلِأَهْلِ الْيَمَنِ يَلَمْلَمَ هُنَّ لَهُنَّ وَلِمَنْ أَتَى عَلَيْهِنَّ مِنْ غَيْرِهِنَّ مِمَّنْ أَرَادَ الْحَجَّ وَالْعُمْرَةَ وَمَنْ كَانَ دُونَ ذَلِكَ فَمِنْ حَيْثُ أَنْشَأَ حَتَّى أَهْلُ مَكَّةَمِنْ مَكَّةَ** (صحيح البخاري)

**''ഇബ്നുഅബ്ബാസിൽ നിന്ന് മദീനക്കാർക്ക് ദുൽഹുലൈഫയും ശാമുകർക്ക് ജുഹ്ഫയും നജ്ദുകാർക്ക് ഖർനുൽ മനാസിലും യമൻ കാർക്ക് യലംലമും(ഹജ്ജിന്നും ഉംറക്കുമുള്ള മീഖാത്തായി) നബി (ﷺ) നിശ്ചയിച്ചു കൊടുത്തു മേൽ പ്രദേശത്തുകാർക്കും ഹജ്ജും ഉംറയും ഉദ്ധേശിച്ച് അതു വഴി കടന്നുവരുന്നവർക്കുമുള്ള മീഖാത്തും**




**മേൽ സ്ഥലങ്ങളാകുന്നു. മറ്റുള്ളവർ തങ്ങളുടെ നാടുകളിൽവെച്ചാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത് മക്കാ നിവാസികൾ മക്കയിൽ വെച്ചാ ണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്''**

**സഅ്ദിയ്യ** : (يلملم) യമൻകാരുടേയും സഅ്ദിയ്യ വഴി കടന്ന് പോകുന്നവരുടേയും മീഖാത്ത്. മക്കയിൽ നിന്ന് *92* കിലോ മീറ്റർദൂരം. **ഇന്ത്യയിൽ നിന്ന് വരുന്നവരുടെ മീഖാത്ത് സഅ്ദിയ്യയാകുന്നു.**

5 **ദാത്തുഇർഖ്** : (ذات عرق) ഇറാഖുകാരുടേയും ഇറാഖു വഴി കടന്ന് പോകുന്നവരുടേയും മീഖാത്ത് മക്കയിൽ നിന്ന് 94 കിലോ മീറ്റർദൂരം.

6 **മക്ക:** മക്കകാരുടേയും മക്കയിൽ താമസിക്കുന്നവരുടേയും ഹജ്ജിന്ന് മാത്രമുള്ള മീഖാത്ത് അതായത് തങ്ങളുടെ താമസസ്ഥലത്ത് വെച്ചാണ് മക്കാ നിവാസികൾ ഹജ്ജിന്ന് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്. ഉംറക്ക്വേണ്ടി മക്കാനിവാസികൾ ഹറമിന്റെ പുറത്തുള്ള ഏറ്റവും അടുത്ത തൻഈം പോലുള്ള സ്ഥലങ്ങളിൽ നിന്നാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്.

**ജിദ്ദ, മസ്തൂറ, ബദർ , ബഹ്റ , ഉമ്മുസ്സലം, ശറാഇഅ്,സീമത്ത്** എന്നീ സ്ഥലങ്ങളിലുള്ളവർ ഹജ്ജിന്നും ഉംറക്കും തങ്ങളുടെ വീടുകളിൽ വെച്ചാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്. നിശ്ചയിച്ച സ്ഥലത്ത് വെച്ച് ഇഹ്റാമിൽ പ്രവേശിക്കാൻ സാധിക്കാത്തവർ അത് കടന്ന് പോയത് മനഃപൂർവമാണെങ്കിൽ മീഖാത്തിൽ മടങ്ങിപ്പോയി അവിടെ വെച്ച് ഇഹ്റാമിൽ പ്രവേശിക്കണം. മറ്റു കാരണങ്ങൾ കൊണ്ടാണെങ്കിൽ പ്രായശ്ചിത്തമായി ആടിനെ അറുത്ത് മക്കയിലെ ദരിദ്രർക്ക് വിതരണം ചെയ്യേണ്ടതാണ്. മീഖാത്തിൽ വെച്ച് വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാവാൻ കുളിക്കുന്നത് പോലെ കുളിച്ച് താടിയിലും തലയിലും മറ്റു ശരീരഭാഗങ്ങളിലും സുഗന്ധം പൂശി (ഇഹ്റാമിന്റെ വസ്ത്രത്തിലാകുന്നത് ശ്രദ്ധിക്കണം) ഇഹ്റാമിൽ പ്രവേശിക്കുക. പിന്നീട് ഇങ്ങനെ തൽബിയത്ത് ചൊല്ലുക.

**لَبَّيْكَ اللَّهُمَّ لَبَّيْكَ ، لَبَّيْكَ لَا شَرِيكَ**
**الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ، لَا شَرِيكَ**

"നിന്റെ വിളിക്ക് ഞാൻ ഉത്തരം (നാഥാ)നിനക്ക് പങ്കുകാരനില്ല.സർവ്വ രാജാധികാരവുംഎല്ലാവിധഅനു ഗ്രഹങ്ങളുംനിനക്ക് തന്നെ" പുരുഷൻമാർ ഉച്ചത്തിലും സ്ത്രീകൾ പതുക്കെയുമാണ് തൽബിയത്ത്

**തൽബിയത്ത് ചൊല്ലേണ്ട**

ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ പത്തിന് മൂന്നാമത്തെ ജംറയിൽ(ജംറത്തുൽ അഖബ) ന്നത് വരെയാണ് ഹാജി ചൊല്ലേണ്ടത് ഇഹ്റാമിൽ മുതൽ മസ്ജിദുൽ ഹറാമിൽ വരെയാണ് ഉംറ നിർവഹിക്കുന്നവൻ ചൊല്ലേണ്ടത്.

**ഇഹ്റാമിലെ നിശിദ്ധങ്ങൾ**



**لَكَ لَبَّيْكَ ، إِنَّ**
**لَكَ**

ചെയ്യുന്നു
സ്തുതിയും

(ബുഖാരി:1549)

ചൊല്ലേത്.
**സമയം**
ദുൽഹിജ്ജ

കല്ലെറിയു
തൽബിയത്ത്
പ്രവേശിച്ചത്
എത്തുന്നത്
തൽബിയത്ത്

# ഇഹ്റാമിൽപ്രവേശിച്ചവർക്ക് നിഷിദ്ധമായവ

## A: പുരുഷൻമാർക്കുംസ്ത്രീകൾക്കും ബാധകമായവ

1. ശരീരത്തിലെ മുടി നീക്കം ചെയ്യൽ അത് വെട്ടുകയോ കളയുകയോ പാടില്ല. അത് മറന്നുകൊണ്ടോ അറിവില്ലായ്മ മൂലമോ ചെയ്താൽ ദോഷമില്ല.
2. നഖം വെട്ടുകയോ എടുത്ത് കളയുകയോ ചെയ്യാൻ പാടില്ല. സുഗന്ധമോ സുഗന്ധവാസനയുള്ള സോപ്പോ ഉപയോഗി ക്കാൻപാടില്ല. എന്നാൽ ഇഹ്റാമിന്റെ സമയത്ത് ശരീരത്തിൽ പുരട്ടിയ സുഗന്ധം അവശേഷിക്കുന്നുവെങ്കിൽ തകരാറില്ല.
3. സ്വന്തത്തിനോ മറ്റുള്ളവർക്കോ വേണ്ടി വിവാഹം ചെയ്യലും ചെയ്തു കൊടുക്കലും അന്വേഷിക്കലും പാടില്ല.
4. സ്ത്രീപുരുഷൻമാർ പരസ്പരചുംബനം, സ്പർശം, മറ്റുലൈംഗിക വിനോദങ്ങൾ.
5. സംയോഗം ചെയ്യൽ.

## B: ഇഹ്റാമിൽ പ്രവേശിച്ചവനും മറ്റുള്ളവർക്കും ഒരുപോലെ ബാധകമായവ

1) വേട്ടയാടൽ, ജീവികളെ ആട്ടിയോടിക്കലും അതിന്ന് സഹായിക്കലും അതിൽ പെടുന്നു.
2) സ്വർണ്ണം, വെള്ളി, പണം, പോലുള്ള വീണുകിട്ടിയ വസ്തുക്കൾ തിരിച്ചേൽപ്പിക്കാൻ വേണ്ടിയല്ലാതെ എടുക്കൽ.
3) ഹറമിലെ മരങ്ങൾ, സസ്യങ്ങൾ എന്നിവ മുറിക്കൽ.

## C: പുരുഷൻമാർക്ക് മാത്രം ബാധകമായവ

1) തലമറക്കൽ.
2) തുന്നിയവസ്ത്രം (ശരീരാകൃതിയിൽഉണ്ടാക്കപ്പെട്ട) ധരിക്കൽ. എന്നാൽ ഉടുമുണ്ടിന്റെ അഭാവത്തിൽ പൈജാമയും ചെരിപ്പ് ലഭിച്ചില്ലെങ്കിൽ സോക്സും ധരിക്കാം.

## D: സ്ത്രീക്ക് മാത്രം ബാധകമായവ

1) കൈയുറ ധരിക്കുകയോ, മുഖം മറക്കുകയോ അവൾ ചെയ്യരുത് എന്നാൽ അന്യപുരുഷൻമാരുടെ സാന്നിദ്ധ്യത്തിൽ മാത്രം തന്റെമക്കന കൊണ്ട് മുഖം മറക്കാം. ഇഹ്റാമിൽ സ്ത്രീക്ക് അനുവദനീയമായ ഏത് വസ്ത്രവും ധരിക്കാം പ്രത്യേക വസ്ത്രമില്ല.

# ഉംറ

## ഉംറയുടെ റുക്നുകൾ

1)ഇഹ്റാം.2)ത്വവാഫ്. 3)സഅ്യ് .

## ഉംറയുടെ വാജിബാത്തുകൾ

1)മീഖാത്തിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കൽ
2)മുടി വെട്ടുകയോ കളയുകയോ ചെയ്യൽ.

## സുന്നത്തുകൾ

വാജിബാത്തുകളും റുക്നുകളുമൊഴികെ ബാക്കി എല്ലാകർമങ്ങളും സുന്നത്താകുന്നു

> “ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും, സത്യവിശ്വാസിയായി ക്കൊണ്ട് അതിന്നു വേണ്ടി അതിന്റേതായ പരിശ്രമം നടത്തുകയുംചെയ്യുന്നപക്ഷം അത്തരക്കാരുടെ പരിശ്രമം പ്രതിഫലാർഹമായിരിക്കും.“(അൽഇസ്റാഅ് 19)

## ഇഹ്റാമിൽ പ്രവേശിച്ചവർക്ക് അനുവദനീയമായവ

വാച്ച്, കുട, മോതിരം, കണ്ണട ,ഇയർഫോൺ,ചെരിപ്പ് ,ബെൽറ്റ് ,പേഴ്സ്
മേൽക്കൂരയുള്ള വാഹനത്തിൽ യാത്രചെയ്യൽ, തന്റെവസ്തുക്കൾ ബാഗിലോ പെട്ടിയിലോ ആക്കി തലയിൽ ചുമക്കൽ, മുറിവ് പറ്റിയ സ്ഥലത്ത് ബാന്റേജ് ,പ്ലാസ്റ്റർ പോലുള്ളവ കൊണ്ട് കെട്ടൽ ,ഇഹ്റാമിന്റെ വസ്ത്രം കഴുകലും, മാറ്റലും കുളിക്കൽ എന്നിവ സ്ത്രീക്കും പുരുഷനും ഒരുപോലെ അനുവദനീയമാണ്




## മക്കയിലെത്തിയാൽ

സാധ്യമെങ്കിൽ കുളിക്കുക. മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുമ്പോൾ വലതുകാൽ വെച്ച് പ്രവേശിക്കുക ശേഷം ഇങ്ങനെ പ്രാർത്ഥിക്കുക

**أَعُوْذُ بِاللهِ الْعَظِيْمِ وَبِوَجْهِهِ الْكَرِيْمِ وَسُلْطَانِهِ الْقَدِيْمِ مِنَ الشَّيْطَانِ الرَّجِيمِ بِسْمِ اللهِ وَالصَّلَاةُ وَالسَّلَامُ عَلَى رَسُوْلِ اللهِ اللّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ**

(മഹാനായ അല്ലാഹുവോട് അവന്റെ ആദരണീയമായ മുഖ കമലം കൊണ്ടും അവന്റെ അനാദിയായ ആധിപത്യം മുഖേനയും ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ അഭയം പ്രാപിക്കുന്നു അല്ലാഹുവിന്റെ നാമത്തിൽ അല്ലാഹുവിന്റെ പ്രവാചകന്റെമേൽ അല്ലാഹുവിന്റെ ശാന്തിയും സമാധാനവും വർഷിക്കുമാറാകട്ടെ. അല്ലാഹുവെ നിന്റെ കൃപാകവാടങ്ങൾ എനിക്ക് വേണ്ടി നീ തുറക്കേണമേ.)


ഏത് പള്ളിയിൽ പ്രവേശിക്കുമ്പോഴും ഇതാണ് പ്രാർത്ഥിക്കേണ്ടത്. ശേഷം ഹജറുൽ അസ്‌വദിന്റെയടുത്തേക്ക് നീങ്ങുക മസ്ജിദുൽ ഹറാമിന്റെ എല്ലാ(**FLOOR**) നിലയിലും ഹജറുൽ അസ്‌വദിന്ന് നേരെ പ്രത്യേക അടയാളങ്ങൾ നൽകിയിട്ടുണ്ട് എന്നാൽ ഒന്നാം നിലയിലും രണ്ടാം നിലയിലും ത്വവാഫ് ചെയ്യുമ്പോൾ (മസ്അ)സഅ്‌യ് ചെയ്യുന്ന സ്ഥലത്തിന്റെ മുകളിലൂടെ ത്വവാഫ് ചെയ്താൽ ത്വവാഫ് ശരിയാവുകയില്ല. കഅ്ബയുടെ ചുമരിന്ന് പുറത്തു കൂടെയും ത്വവാഫ് പാടില്ല.മക്കയിൽ ചെന്നാലുള്ള ആദ്യത്തെ ത്വവാഫിലും ഉംറയുടെ ത്വവാഫിലും മാത്രം പുരുഷന്മാർക്ക് ഇള്ത്തിബാഉം റമലും സുന്നത്താണ് ***തോൾമുണ്ട് വലത്തെ തോളിൽ നിന്ന് ഒഴിവാക്കി രണ്ടറ്റവും ഇടത്തെ ചുമലിൽ ഇടുന്നതിന്ന് ഇള്ത്തിബാഉ് എന്നും ത്വവാഫിന്റെ ആദ്യത്തെ മൂന്ന് ചുറ്റലിൽ പുരുഷൻമാർ കാലടുപ്പിച്ച് വെച്ച് അൽപം വേഗത്തിൽ നടക്കുന്നതിന് റമല് എന്നും പറയുന്നു.***

**ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ-പുരുഷ സംസർഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല. നിങ്ങൾ ഏതൊരു സൽപ്രവൃത്തി ചെയ്തിരുന്നാലും അല്ലാഹു അതറിയുന്നതാണ്. ( ഹജ്ജിനു പോകുമ്പോൾ ) നിങ്ങൾ യാത്രയ്ക്കുവേണ്ട വിഭവങ്ങൾ ഒരുക്കിപ്പോകുക(അൽബഖറ: 197)**

ഹജറുൽഅസ്‌വദിന്റെ അടുത്ത് നിന്നാണ് ത്വവാഫ് ആരംഭിക്കേണ്ടത് മറ്റുള്ളവർക്ക് ശല്യമുണ്ടാകാത്ത നിലയിൽ ഹജറുൽഅസ്‌വദിനെ ചുംബിക്കാൻ സാധ്യമെങ്കിൽ ചുംബിക്കൽ സുന്നത്താണ് ഇല്ലെങ്കിൽ കൈ കൊണ്ട് സ്‌പർശിക്കുകയും ആ കൈ ചുംബിക്കുകയും ചെയ്യുക. അതിന്നും സാധ്യമല്ലെങ്കിൽ ബിസ്‌മില്ലാഹി അല്ലാഹു അക്‌ബർ എന്ന് പറഞ്ഞ് ഹജറുൽഅസ്‌വദിന് നേരെ തിരിഞ്ഞ് വലത് കൈകൊണ്ട് ഒരു തവണ ആംഗ്യം കാണിച്ചാൽ മതി. എന്നാൽ ആംഗ്യം കാണിച്ച കൈ ചുംബിക്കരുത്. ഓരോ ചുറ്റലിലും വലത് കൈ കൊണ്ട് ഇപ്രകാരം ചെയ്യണം എന്നാൽ ബിസ്‌മില്ലാഹി തുടക്കത്തിൽ മാത്രം ചൊല്ലിയാൽമതി. പിന്നീട് ഓരോ തവണയും അല്ലാഹു അക്‌ബർ എന്ന് മാത്രം മതി.

وَإِذْ بَوَّأْنَا لِإِبْرَاهِيمَ مَكَانَ الْبَيْتِ أَن لَّا تُشْرِكْ بِي شَيْئًا وَطَهِّرْ بَيْتِيَ لِلطَّائِفِينَ وَالْقَائِمِينَ وَالرُّكَّعِ السُّجُودِ*وَأَذِّن فِي النَّاسِ بِالْحَجِّ يَأْتُوكَ رِجَالًا وَعَلَى كُلِّ ضَامِرٍ يَأْتِينَ مِن كُلِّ فَجٍّ عَمِيقٍ*لِيَشْهَدُوا مَنَافِعَ لَهُمْ وَيَذْكُرُوا اسْمَ اللَّهِ فِي أَيَّامٍ مَّعْلُومَاتٍ عَلَى مَا رَزَقَهُم مِّن بَهِيمَةِ الْأَنْعَامِ فَكُلُوا مِنْهَا وَأَطْعِمُوا الْبَائِسَ الْفَقِيرَ*ثُمَّ لْيَقْضُوا تَفَثَهُمْ وَلْيُوفُوا نُذُورَهُمْ وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ*ذَلِكَ وَمَن يُعَظِّمْ حُرُمَاتِ اللَّهِ فَهُوَ خَيْرٌ لَّهُ عِندَ رَبِّهِ وَأُحِلَّتْ لَكُمُ الْأَنْعَامُ إِلَّا مَا يُتْلَى عَلَيْكُمْ فَاجْتَنِبُوا الرِّجْسَ مِنَ الْأَوْثَانِ وَاجْتَنِبُوا قَوْلَ الزُّورِ*(الأنبياء ٢٦-٣٠)

ഇബ്രാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ)സ്ഥാനം നാം സൗകര്യപ്പെടുത്തികൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ) യാതൊ രു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക്‌വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർത്ഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദ്ദേശിച്ചു.*(നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർത്ഥാടനത്തെപറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും, വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാ വിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നു കൊള്ളും* അവർക്ക് പ്രയോജനകരമായ രംഗങ്ങളിൽ അവർ സന്നിഹിതരാകുവാനും, അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാല്കാലി മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരിച്ചു കൊണ്ട് ബലികഴിക്കാനും വേണ്ടിയത്രെ അത്. അങ്ങനെ അവയിൽ നിന്ന് നിങ്ങൾ തിന്നുകയും, പരവശനും ദരിദ്രനുമായി ട്ടുള്ളവന് ഭക്ഷിക്കാൻ കൊടുക്കുകയുംചെയ്യുക* പിന്നെ അവർ തങ്ങളുടെ അഴുക്ക് നീക്കികളയുകയും, തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയുംപുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ.* അത് (നിങ്ങൾ ഗ്രഹിക്കുക.) അല്ലാഹു പവിത്രത നൽകിയ വസ്തുക്കളെ വല്ലവനും ബഹുമാനിക്കുന്ന പക്ഷം അത് തന്റെ രക്ഷിതാവിന്റെ അടുക്കൽ അവന്ന് ഗുണകരമായിരിക്കും. നിങ്ങൾക്ക് ഓതി കേൾപിക്ക പ്പെടുന്നതൊഴിച്ചുള്ള കന്നുകാലികൾ നിങ്ങൾക്ക് അനുവദിക്ക പ്പെട്ടിരിക്കുന്നു. ആകയാൽ വിഗ്രഹങ്ങളാകുന്ന മാലിന്യത്തിൽ നിന്നും നിങ്ങൾ അകന്ന് നിൽക്കുക. (അമ്പിയാഅ് 26-30




ഏഴാമത്തേത് അവസാനിക്കുമ്പോഴും അല്ലാഹു അക്ബർ വേണ്ട. ഹജറുൽ അസ്വദിൽ തുടങ്ങി ഹജറുൽ അസ്വദിന്റയടുത്ത വരെ എത്തിയാൽ ഒരുചുറ്റൽ പൂർത്തിയായി ഇപ്രകാരം ഏഴ് ചുറ്റലാണ് ഒരു ത്വവാഫിൽ ചുറ്റേണ്ടത്. റുക്നുൽയമാനി ***(ത്വവാഫ് ചെയ്യുമ്പോൾ ഹജറുൽഅസ്വദിന്റെ മുമ്പെ വരുന്ന കഅ്ബയുടെ മൂലക്കാണ് റുക്നുൽ യമാനി എന്ന് പറയുന്നത്)*** യുടെ അടുത്തെത്തിയാൽ സൗകര്യപ്പെട്ടാൽ അത് തൊടൽ മാത്രം സുന്നത്താണ് അതിനെ ചുംബിക്കുകയോ മുത്തുകയോ തടവുകയോ ഒന്നും പാടില്ല. ഇനി സ്പർശിക്കാൻ സാധി ച്ചില്ലെങ്കിൽ തക്ബീറോ കൈകൊണ്ട് ആംഗ്യമോ ഇല്ല. റുക്നുൽ യമാനിയുടെയും ഹജറുൽ അസ്വദിന്റെയുമിടയിൽ ഇങ്ങനെ പ്രാർത്ഥിക്കുക.

**رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّار** (أبو داوود في باب الدعاء في الطواف)

‘ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത്തരേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തു രക്ഷിക്കുകയും ചെയ്യേണമേ, (അൽബഖറ: 201)

ത്വവാഫിന്നിടയിൽ വേറെ പ്രാർത്ഥനകൾ സ്ഥിരപ്പെട്ടുവന്നിട്ടില്ല. എന്നാൽ ഖുർആൻ പാരായണം, ദിക്റുകൾ, മറ്റു സ്ഥിരപ്പെട്ട പ്രാർത്ഥനകൾ എന്നിവ ഉരുവിടാം. ത്വവാഫിന് വുദുനിർബന്ധമാകുന്നു.

## ത്വവാഫിനിടയിൽ സംഭവിക്കാവുന്ന അബദ്ധങ്ങൾ

- ഹിജ്റിന്റ ഉള്ളിലൂടെ ത്വവാഫ് ചെയ്യൽ, പുറത്തു കൂടെയാണ് ത്വവാഫ് ചെയ്യേണ്ടത്. (ചിത്രം നോക്കുക)

- കഅ്ബയുടെ എല്ലാ മൂലകളും, ചുമരും, ഖില്ലയും മഖാമു ഇബ്റാഹീമും, വാതിലുകളും ചുംബിക്കൽ. ഇത് അനാചാരവും നബി(സ)യിൽ നിന്ന് സ്ഥിരപ്പെട്ടിട്ടില്ലാത്തതുമാണ് .
- പ്രകടനം പേലെ ഒരാൾ പ്രാർഥനകൾ ചൊല്ലിക്കൊടുക്കുകയും മറ്റുള്ളവർ ഏറ്റു ചൊല്ലുകയും ചെയ്യുന്ന സമ്പ്രദായം മുൻഗാമി കളുടെ മാതൃകയിലല്ലാത്തതാകുന്നു.
- സ്ത്രീപുരുഷൻമാർ ഹജറുൽഅസ്‌വദ്, മഖാമുഇബ്റാഹീം, റുക്നു ൽയമാനി പോലെയുള്ള സ്ഥലങ്ങളിൽ തിരക്ക് കൂട്ടൽ,ഉച്ചത്തിൽ ശബ്ദിക്കൽ(**ചിലരുടെ ഹജ്ജ് കാണുമ്പോൾ തിരക്കൽ ഒരുപുണ്യ കർമമാണോ എന്ന് തോന്നിപ്പോകും അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കട്ടെ! മറക്കാതിരിക്കുക മറ്റുള്ളവർക്ക് പരമാവധി നന്മ ചെയ്യാനാണ് നാം ശ്രമിക്കേണ്ടത്. പ്രത്യേകിച്ച് ഹജ്ജിന്റെ സമയങ്ങളിൽ സഹായം ആവശ്യമുള്ള ധാരാളം ഹാജിമാരെ കാണാം. ലക്ഷങ്ങൾ ഒരുമിച്ച് ചേരുന്ന സ്ഥലത്ത് നാം ചെയ്യുന്ന പരസഹായവും നമുക്ക് പരലോകത്ത് ഉപകരിക്കുമെല്ലോ.)**

ത്വവാഫ് പൂർത്തിയായ ഉടനെ തോൾമുണ്ട് പഴയത് പോലെ വലത് ഇടത് ചുമലുകളിലായി ഇടുക ശേഷം മഖാമുഇബ്റാഹീമിന്റെ പുറകിൽ വെച്ച് രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിക്കുക ഒന്നാമത്തെ റകഅത്തിൽ ഫാതിഹക്ക് പുറമെ **ഖുൽ യാ അയ്യുഹൽ കാഫിറൂൻ** (الكافرون) എന്ന സൂറത്തും രണ്ടാ മത്തേതിൽ **ഖുൽഹുവല്ലാഹുഅഹദ്** (الإخلاص) എന്ന സൂറത്തുമാണ് പാരായണം ചെയ്യേണ്ടത്. മഖാമുഇബ്റാഹീമിന്റെ പുറകിൽ അസൗകര്യമെങ്കിൽ മസ്ജിദുൽ ഹറാമിന്റെ സൗകര്യപ്പെട്ട ഏത് സ്ഥലത്ത് വെച്ചും നമസ്കരിക്കാം.ചിലർ ത്വവാഫ് ചെയ്യുന്നവരെ തള്ളിമാറ്റി തങ്ങൾക്കും കുടുംങ്ങൾക്കും രണ്ട് റക്അത്ത് നമസ്കരിക്കാനായി വളയങ്ങൾ ഉണ്ടാക്കുകയും തങ്ങളുടെ ശക്തി പ്രകടിപ്പിക്കുകയും ചെയ്യുന്നത് കാണാം നാം പരിശുദ്ധഭൂമിയിൽ എത്തിയ ലക്ഷ്യത്തെക്കുറിച്ചുള്ള അവബോധം അല്ലാഹുവിന്റെ അഥിതികൾക്കുണ്ടായെങ്കിൽ എന്ന് കൊതിച്ചുപോയിട്ടുണ്ട്. മേൽ സൂറത്ത് പാരായണം ചെയ്യാനറിയാത്തവർക്ക് ഏത് സൂറത്തും ഓതാം. എന്നാൽ അതാണ് സുന്നത്ത് എല്ലാ ത്വവാഫിന്ന് ശേഷവും മഖാമുഇബ്റാഹീമിന്റെ പുറകിൽ വെച്ച് രണ്ട് റക്അത്ത് നമസ്കാരം സുന്നത്താകുന്നു ശേഷം സംസം വെള്ളം കുടിക്കുക. നബി(സ) നിന്നു കൊണ്ട് സംസം വെള്ളം കുടിച്ചതായി ഹദീസിൽ സ്ഥിരപ്പെട്ടു വന്നതിനാൽ നിന്നുകൊണ്ടും കുടിക്കാം.

# സഅ്യ്(سَعْي)

പിന്നീട് ചെയ്യേണ്ടത് സഫാ മർവയിലൂടെയുള്ള സഅ്യാണ് സഫയിൽ നിന്നാരംഭിക്കുക സ്വഫയോടടുക്കുമ്പോൾ

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّهِ فَمَنْ حَجَّ الْبَيْتَ أَوِ اعْتَمَرَ فَلا جُنَاحَ عَلَيْهِ أَنْ يَطَّوَّفَ بِهِمَا وَمَنْ تَطَوَّعَ خَيْرًا فَإِنَّ اللَّهَ شَاكِرٌ عَلِيمٌ(البقرة ١٥٨)

'തീർച്ചയായും സഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽപെട്ടതാകുന്നു. കഅ്ബാ മന്ദിരത്തിൽ ചെന്ന് ഹജ്ജോ ഉംറയോ നിർവഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുറ്റമൊന്നുമില്ല. ആരെങ്കിലും സൽകർമ്മം സ്വയം സന്നദ്ധനായി ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹു കൃതജ്ഞനും സർവ്വജ്ഞനുമാകുന്നു.' (അൽബഖറ 158) എന്ന ആയത്ത് ഓതുക ശേഷം സഫായിൽ നിന്ന് ഖിബ്‌ലക്ക് നേരെ തിരിഞ്ഞ് അല്ലാഹുവിനെ സ്തുതിച്ച് അല്ലാഹു അക്ബർ എന്ന് മൂന്ന് പ്രാവശ്യം പറയുക **അല്ലാഹു അക്ബർ എന്ന് പറയുമ്പോൾ കൈ ഉയർത്തുകയോ ആംഗ്യം കാണിക്കുകയോ ചുംബിക്കുകയോ പാടില്ല** പിന്നീട് കൈ ഉയർത്തി ഖിബ്‌ലക്ക് നേരെ തിരിഞ്ഞ് മൂന്ന് പ്രാവശ്യം ഇപ്രകാരം പറയുക.

لاَ إِلَهَ إِلَّا اللَّهَ وَحْدَهُ لا شَرِيكَ لَهُ ، لَهُ الْمُلْكُ ، وَلَهُ الْحَمْدُ ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ، لا إِلَهَ إِلَّا اللَّهَ وَحْدَهُ ، أَنْجَزَ وَعْدَهُ ، وَنَصَرَ عَبْدَهُ ، وَهَزَمَ الْأَحْزَابَ وَحْدَهُ.(مسلم في باب حجة النبي صلى الله عليه وسلم)

'അല്ലാഹു അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കുകാരില്ലാത്തവനുമാകുന്നു സർവ്വസ്തുതിയും രാജാധികാരവും അവന്ന് തന്നെ അവൻ എല്ലാത്തിനും കഴിവുള്ളവനാകുന്നു അല്ലാഹു അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനാകുന്നു തന്റെ വാഗ്ദത്തം അവൻ നിറവേറ്റി തന്റെ ദാസനെ സഹായിച്ചു ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി'

ഇത് ചൊല്ലിയ ശേഷം തനിക്കാവശ്യമുള്ളതും സമൂഹത്തിന്റെ നന്മക്കാവശ്യമായതുമായ ഏതൊരു കാര്യവും പ്രാർത്ഥിക്കാം മറ്റുള്ളവർക്ക് ശല്യമാകരുത് എന്ന ഒരു നിബന്ധനമാത്രം. **ഇവിടേയും ചിലർ സഅ്യ് ചെയ്യുന്നവർക്ക് തടസ്സമുണ്ടാക്കും വിധം വഴിയിൽ നിൽക്കുന്നത് കാണാം ഓർക്കുക നാം ചെയ്യുന്നത് പുണ്യ കർമമാകുന്നു അത് അല്ലാഹു സ്വീകരിക്കണമെങ്കിൽ നബിചര്യ ക്കനുസരിച്ചായിരിക്കണം വഴിയിലെ തടസ്സം നീക്കാനാണ് നബി(സ) പറഞ്ഞതെന്ന് തിരക്കുള്ള ഏത് സമയത്തും നാം മറന്ന് പോകാതിരിക്കുക.** ശേഷം മർവയിലേക്ക് നടക്കുക. സഫാമർവക്കിടയിൽ സഅ്യ് ചെയ്യുമ്പോൾ പ്രത്യേക പ്രാർഥന ഹദീസിൽ വന്നിട്ടില്ല അനുവദനീയമായ ഏത് പ്രാർഥനയും ആവാം. പച്ച അടയാളം കാണുന്ന സ്ഥലത്ത് സാധ്യമായ രീതിയിൽ പുരുഷൻമാർ ഓടുക(ചിത്രം നോക്കുക) മർവയിലെത്തിയാൽ സഫായിൽനിന്ന് ചെയ്തത് പോലെ ഖിബ്‌ലക്ക് നേരെ തിരിഞ്ഞ് ആയത്തല്ലാത്ത പ്രാർത്ഥന ചൊല്ലുക. ആയത്ത് തുടക്കത്തിൽ മാത്രമേ ഓതേണ്ടതുള്ളൂ. തിരിച്ച് വീണ്ടും സഫായിലേക്ക് വരിക. പച്ച അടയാളം

കാണുന്ന സ്ഥലത്ത് മുമ്പ് ചെയ്തത് പോലെ ഓടുക. (ഇപ്പോൾ രണ്ട് പ്രാവശ്യമായി) പച്ചഅടയാളംകാണുന്ന സ്ഥലത്ത് സ്ത്രീകൾ ഓടേണ്ടതില്ല. നടന്നാൽമതി നടക്കാൻ വിഷമമുള്ളവർക്ക് ട്രോളി (ഉന്തുവണ്ടി) പോലുള്ളവ ഉപയോഗിക്കാം. സഅ്യ് ആർത്തവാശുദ്ധിയും പ്രസവാശുദ്ധിയും ഉള്ളവർക്കും നിർവഹിക്കാം. ഈസ്ഥലം മസ്ജിദുൽ ഹറാമിൽ പെട്ടതല്ല. ഏഴ് പ്രാവശ്യമാണ് സഅ്യ് ചെയ്യേണ്ടത്. പിന്നീട് മുടി വെട്ടുകയോ കളയുകയോ ചെയ്യുക. കളയലാണുത്തമം മുടിയിൽനിന്ന് അൽപം വെട്ടിയാൽ മതിയാവുകയില്ല. സ്ത്രീകൾ മുടി മൊത്തം കൂട്ടിപ്പിടിച്ച് ഒരു വിരലിന്റെ നീളത്തിൽ വെട്ടിയാൽ മതി. ഇതോടെ തമത്തുഅ് ആക്കിയവന്റെ ഉംറ പൂർത്തിയായി. അയാൾക്ക് ഇഹ്റാമിൽ മാത്രം നിഷിദ്ധമായിരുന്ന എല്ലാ കാര്യങ്ങളും അനുവദനീയമാവുകയും ചെയ്തു. സഅ്യിന് വുദുനിർബന്ധമില്ല. ത്വവാഫിന്ന് മുമ്പായി സഅ്യ് ചെയ്യുന്ന രീതി സുന്നത്തിലില്ല.ത്വവാഫ് സുന്നത്തായി ഒന്നിലധികം ചെയ്യാം എന്നാൽ സഅ്യ് സുന്നത്തായി ചെയ്യാൻ കൽപിച്ചിട്ടില്ല.

## ഹജ്ജ്

ദുൽഹിജ്ജ എട്ട് മുതൽ പതിമൂന്ന് കൂടിയ ദിവസങ്ങളിലാണ് ഹജ്ജ് കർമം

**ഹജ്ജിന്റെ റുക്നുകൾ:**

1)ഇഹ്റാം
2)അറഫയിൽ നിൽക്കൽ.
3)ത്വവാഫുൽ ഇഫാള.
4)സഅ്യ്.


**ഹജ്ജിന്റെ വാജിബാത്തുകൾ:**

1)മീഖാത്തിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കൽ.
2)അറഫയിൽ സൂര്യാസ്തമയം വരെ നിൽക്കൽ.
3)മുസ്ദലിഫയിൽ രാപാർക്കൽ.
4)അയ്യാമുത്തശ്രീഖിന്റെ ദിനങ്ങളിൽ മിനയിൽ രാപാർക്കൽ. 5)കല്ലെറിയൽ
6)മുടി വെട്ടുകയോ കളയുകയോ ചെയ്യൽ.
7)വിടവാങ്ങൽ ത്വവാഫ്.

ഏതൊരു കർമ്മത്തിന്റേയും റുക്നുകൾ നഷ്ടപ്പെട്ടാൽ ആകർമ്മം നഷ്ടപ്പെട്ടു. ഹജ്ജ് ഉംറ എന്നിവയുടെ വാജിബാത്തുകള് നഷ്ടപ്പെട്ടാൽ പ്രായശ്ചിത്തം(ഫിദ്യ) നൽകിയാൽ മതിയാകും. സുന്നത്തുകൾ നഷ്ടപ്പെട്ടാൽ ഒന്നും ചെയ്യേണ്ടതില്ല.

**സുന്നത്തുകളിൽ ചിലത്** (വാജിബാത്തുകളും റുക്നുകളുമൊഴികെ ബാക്കി കർമങ്ങൾ എല്ലാം സുന്നത്താകുന്നു)

1) ഇഹ്റാമിന് വേണ്ടി കുളിക്കുക.
2) ഇഹ്റാമിൽ വെള്ള വസ്ത്രം ധരിക്കൽ.
3)തൽബിയത്ത്.
4) ദുൽഹിജ്ജ 8ന് മിനയിൽ രാപാർക്കൽ.
5)ജംറകളിൽ വെച്ചുള്ള പ്രാർത്ഥന.
6)ഖാരിനിന്റേയും മുഫ്രിദിന്റേയും ഖുദൂമിന്റെ ത്വവാഫ്




## ദുല്‍ഹിജ്ജ എട്ട് ( يوم التروية )

തമത്തുഅ് ആയി നിര്‍വഹിക്കുന്നവന്‍(ഖാരിനും മുഫ്‌രിദും ഇഹ്‌റാമില്‍ തന്നെയായിരിക്കുമെല്ലോ) താമസിക്കുന്ന സ്ഥലത്ത് നിന്ന് നേരത്തെ ഉംറക്ക് ഇഹ്‌റാമില്‍ പ്രവേശിച്ചപ്പോള്‍ ചെയ്തത് പോലെ കുളിച്ച് ഹജ്ജിന്ന് ഇഹ്‌റാമില്‍ പ്രവേശിച്ച് തല്‍ബിയത്ത് ചൊല്ലുക. ഇഹ്‌റാമില്‍ നിഷിദ്ധമായ കാര്യങ്ങള്‍ മുമ്പ് വിവരിച്ചത് ഓര്‍ക്കുമെല്ലോ. ദുഹ്‌ര്‍ നമസ്കരിക്കാന്‍ മിനയിലേക്ക് എത്തുക. ദുല്‍ഹിജ്ജ ഒമ്പതിന് സൂര്യോദയം വരെ അവിടെ താമസിക്കുക. എല്ലാനമസ്കാരങ്ങളും അതാതിന്‍റെ സമയത്ത് തന്നെ നമസ്കരിക്കുക. എന്നാല്‍ നാല് റക്‌അത്തുള്ളവ രണ്ടാക്കിചുരുക്കി (ഖസ്ര്‍)യാണ് നമസ്കരിക്കേണ്ടത്. മിനയില്‍ വെച്ച് നബി(സ)നാല്റക്‌അത്തുള്ള നമസ്കാരങ്ങള്‍ പൂര്‍ത്തിയാക്കി നമസ്കരിച്ചതായി തെളിവില്ല. ഇതിന്നെതിര്പ്രവര്‍ത്തിക്കുന്നവര്‍ നബിചര്യയെ വെറുക്കുന്നവരാണെന്നതില്‍ സുന്നത്ത് ഗ്രഹിച്ചവര്‍ക്ക് രണ്ട് പക്ഷമുണ്ടാകാനിടയില്ല. പ്രത്യേക പ്രാര്‍ഥന നിശ്ചയിച്ചിട്ടില്ലാത്തതിനാല്‍ അനുവദനീയമായ ഏത് പ്രാര്‍ഥനയും ആവാം

ഖുർആൻ പാരായണവും ഹദീസ് ഗ്രന്ഥങ്ങളിൽ സ്ഥിരപ്പെട്ട ദിക്റുകളും മറ്റും വിരോധമില്ല. ഒമ്പതിന് സൂര്യൻ ഉദിക്കുന്നതോട് കൂടി അറഫയിലേക്ക് പുറപ്പെടുക. ആരെങ്കിലും ഈ ദിവസത്തിന്മുമ്പ് (എട്ടിന്മുമ്പ്) മിനയിൽ എത്തിയാൽ എട്ടിന്ന് ദുഹാ സമയത്ത് മിനയിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കുക. മിനയിൽ രാപാർക്കൽ സുന്നത്താണ്.

## ദുൽഹിജ്ജ ഒമ്പത് ( )

നബി(സ) പറഞ്ഞു: **الحج عرفة** 'ഹജ്ജ് അറഫയാകുന്നു' അറഫയിൽ നിൽക്കൽ ഹജ്ജിന്റെ റുക്നാകുന്നു ദുഹ്റിന് മുമ്പായി അറഫയിൽ എത്തുക. താൻ അറഫയിലാണോ എന്ന് ഉറപ്പ് വരുത്തേണ്ടത് ഹാജിയുടെ ബാധ്യതയാകുന്നു. ***എല്ലാ സ്ഥലങ്ങളിലും സ്ഥലനാമം എഴുതിയ ബോർഡുകൾ കാണാം*** അറഫയിൽ വെച്ച് നബി (സ) നടത്തിയ ചരിത്ര പ്രസിദ്ധമായ വിടവാങ്ങൽ പ്രഭാഷണത്തെ അനുസ്മരിപ്പിക്കും വിധം സൗദി ഗ്രാന്റ് മുഫ്തി(മതപരമായ വിഷയങ്ങളിൽ തീരുമാനം പുറപ്പെടുവിക്കാൻ അധികാരമുള്ള ഉന്നതപണ്ഡിതൻ) ഒരു പ്രഭാഷണം നടത്തും. പ്രഭാഷണത്തിന് ശേഷം നമസ്കരിക്കലാണ് നബിചര്യ. ദുഹ്റ് അസ്വർ എന്നീ നമസ്കാരങ്ങൾ ദുഹ്റിന്റെ സമയത്ത് ഒരുബാങ്കും രണ്ട് ഇഖാമത്തും(ളുഹ്റിന് ഒന്ന് അസറിന്ഒന്ന്) കൊടുത്ത് രണ്ട് റകഅത്ത് വീതം(ജംഅും ഖസറുമായി നമസ്കരിക്കുക) മറ്റെന്തെങ്കിലും നമസ്കാരം ഇവിടെ വെച്ച് സുന്നത്തില്ല. ശേഷം പ്രാർഥനയിൽ മുഴുകുക ഹാജിയുടെ വളരെ വിലപ്പെട്ട സമയ മാണ് അറഫാദിനത്തിലെ ബാക്കിസമയങ്ങൾ പ്രാർഥിച്ചാൽ ഉത്തരം കിട്ടുമെന്ന് നബി(സ) പറഞ്ഞതായ. അല്ലാഹു മലക്കുകളോട് അഭിമാനം പ്രകടിപ്പിക്കുന്നതുമായ അസുലഭാവസരമാണത്. ശ്രദ്ധിക്കുക, ഒരു പക്ഷെ ഇതു പോലൊരവസരം ശേഷം ലഭിച്ചു കൊള്ളണമെന്നില്ല. കിട്ടിയ അവസരം അവനവന്റെ ആവശ്യങ്ങൾ നാഥനോട് തുറന്ന് പറയാനും പാപമോചനത്തിനും വേണ്ടി പരമാവധി ഉപയോഗിക്കുക. സ്ഥിരപ്പെട്ട ഒരുപ്രാർഥന താഴെ കൊടുക്കുന്നു.




**لاَ إِلهَ إِلاَّ اللهُ وَحْدَهُ لاشَرِيكَ لَهُ لَهُ المُلْكُ ولَهُ الحَمْدُ وَهُوَ عَلَى كلِّ شَيْءٍ قدير**

'അല്ലാഹു അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാകുന്നു രാജാധിപത്യവും സർവ സ്തുതിയും അവന്നാകുന്നു അവൻ എല്ലാത്തിനും കഴിവു ള്ളവനാകുന്നു'

തന്റെ കർമം നഷ്ടപ്പെടുത്തുന്ന ചെറിയ തെറ്റ് വരുന്നത് പോലും ഹാജി സൂക്ഷിക്കേതാണ് നബി(സ) പറഞ്ഞു

عَنْ عَائِشَةَ زَوْجِ النَّبِيِّ صلى الله عليه وسلم ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم ، قَالَ"مَا مِنْ يَوْمٍ أَكْثَرَ مِنْ أَنْ يُعْتِقَ اللَّهُ فِيهِ عَبْدًا مِنَ النَّارِ مِنْ يَوْمِ عَرَفَةَ ، وَإِنَّهُ لَيَدْنُو ثُمَّ يُبَاهِي بِهِمُ الْمَلائِكَةَ فَيَقُولُ : مَا أَرَادَ هَؤُلاءِ ؟"(صحيح مسلم)

ആയിശ رضي الله عنها യിൽ നിന്ന് നിവേദനം നബി സ)അരുളി: അല്ലാഹു തൻെറ അടിമകളെ ഏറ്റവും കൂടുതൽ നരകത്തിൽ നിന്ന് മോചിപ്പിക്കുന്ന ദിവസമാകുന്നു അറഫാ ദിവസം അവൻ ഒന്നാനാകാശത്തേക്ക് വന്ന് തൻെറ അടിമകളുടെ കാര്യത്തിൽ അഭിമാനപൂർവം ഇങ്ങനെ പറയും ഇവരുടെ ആവശ്യമെന്താണ് ? (മുസ്ലിം) ആവശ്യങ്ങൾ അവൻ നിറവേറ്റുമെന്ന് സാരം.

സാധ്യമെങ്കിൽ ഹാജി സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് തെറ്റുന്നതിന് മുമ്പ് നമിറയിൽ ഇറങ്ങി ദുഹ്റ് അസ്വർ എന്നീ നമസ്കാരങ്ങൾ നിർവഹിച്ചതിന് ശേഷം അറഫ യിൽ പ്രവേശിക്കലാണ് കൂടുതൽ നല്ലത് സൂര്യൻ അസ്തമിച്ചതിന് ശേഷമേ അറഫയിൽ നിന്ന് പുറപ്പെടാവൂ മഗ്രിബ് ബാങ്ക് കൊടുത്താലും (സമയമായാലും) അറഫയിൽ നിന്ന് മഗ്രിബ് നമസ്കരിക്കരുത്. അത് നബിചര്യക്ക് വിരുദ്ധമാണ്. സൂര്യൻ അസ്തമിച്ചതിന് ശേഷം മുസ്ദലിഫയിലേക്ക് പുറപ്പെടുക. എന്നാൽ ഇശാഇൻെറ സമയം നഷ്ടപ്പെടുമെന്ന് ഭയപ്പെട്ടാൽ സൗകര്യപ്പെട്ട ഏത് സ്ഥലത്ത് വെച്ചും നമസ്കരിക്കാം അർദ്ധരാത്രിവരെയാണ് ഇശയുടെ സമയം. അല്ലാഹു അറഫയിലെ പ്രാർത്ഥന സ്വീകരിക്കുന്നവരിൽ നമ്മേ ഉൾപ്പെടുത്തട്ടെ ആമീൻ.

## അറഫയിൽ സംഭവിക്കുന്ന അബദ്ധങ്ങൾ

- ❖ അറഫയുടെ പരിധിക്ക് പുറത്ത് നിൽക്കുകയും സൂര്യൻ അസ്തമിച്ചതിന് ശേഷം മുസ്ദലിഫയിലേക്ക് പുറപ്പെടുകയും ചിലർ ചെയ്യുന്നു ഇപ്രകാരം ചെയ്യുന്നവന് ഹജ്ജില്ല.
- ❖ അസ്തമനത്തിന് മുമ്പ് അറഫയിൽനിന്ന് പുറപ്പെടൽ ഇത് നബിചര്യക്ക് വിരുദ്ധമാണ്.
- ❖ അനാവശ്യമായി തിക്കും തിരക്കും കൂട്ടൽ അറഫ മുഴുവനും നിൽക്കാമെന്ന് നബി (സ) പറഞ്ഞിരിക്കെ ജബലുറഹ്മയിൽ നിൽക്കാൻ ആളുകൾ തിരക്കുകയും കർമം നഷ്ടപ്പെടുത്തും വിധം പ്രായമുള്ളവരെ ഉന്തുകയും തള്ളുകയും ചെയ്യുന്നത് സ്ഥിരം കാഴ്ചയാണ് നാം സ്വർഗപ്രവേശത്തിനുള്ള ഒരുകർമത്തിലാണെന്ന കാര്യം മറക്കാതിരിക്കുക.
- ❖ ജബലുറഹ്മക്ക് നേരെ തിരിഞ്ഞ് പ്രാർത്ഥിക്കൽ ഖിബ്ലക്ക് നേരെ തിരിഞ്ഞാണ് പ്രാർത്ഥിക്കേണ്ടത്.

## മുസ്ദലിഫ(مزدلفة)

അവിടെ എത്തിയ ഉടനെ മഗ്രിബ് മൂന്ന് റകഅത്തും ഇശാ രണ്ട് റകഅത്തും(ജംഅും ഖസ്റും) നമസ്കരിക്കുക സുബ്ഹിൻെറ സമയം വരെ ഉറങ്ങുക എന്തെങ്കിലും പ്രാർഥന പഠിപ്പിക്കപ്പെട്ടിട്ടില്ല വിശ്രമത്തിനാണ് ഇവിടെ

കൂടുതൽ സമയം ചെലവഴിക്കേണ്ടത് സ്ത്രീകൾ, കുട്ടികൾ, ദുർബലർ എന്നിവർക്കും ഇവരെ പരിചരിക്കുന്നവർക്കും അർദ്ധരാത്രിക്ക് ശേഷം മുസ്ദലിഫയിൽനിന്ന് മിനയിലേക്ക് പുറപ്പെടാവുന്നതാണ്. മറ്റുള്ളവർ സുബ്ഹ് നമസ്കരിച്ചതിന് ശേഷം മുസ്ദലിഫയിലുള്ള **മശ്ഹറുൽ ഹറാം((مشعر الحرام)** എന്ന മലയിലോ മുസ്ദലിഫയിൽ മറ്റെവിടെയെങ്കിലുമോ വെച്ച് ഖിബ്‌ലക്ക് നേരെ തിരിഞ്ഞ് അല്പ സമയം പ്രാർത്ഥന, തക്ബീർ എന്നിവ ചെയ്യൽ സുന്നത്താണ്.പിന്നീട് സൂര്യോദയത്തിന് മുമ്പായി മിനയിലേക്ക് പുറപ്പെടുക **ലബ്ബൈക്കല്ലാഹുമ്മ** എന്ന തൽബിയത്ത് ദുൽഹിജ്ജ പത്തിന് ജംറത്തുൽ അഖബയിൽ കല്ലെറിയുന്നത് വരെ തുടരുക. പോകുമ്പോൾ വഴിയിൽനിന്ന് കല്ല് പെറുക്കാവുന്നതാണ്. എന്നാൽ കല്ല് പെറുക്കാനായി പ്രത്യേകസ്ഥലം നിശ്ചയിച്ചിട്ടില്ലാത്തതിനാൽ സൗകര്യമുള്ള ഏത് സ്ഥലത്തും സമയത്തും പെറുക്കാവുന്നതാണ്. കടല മണിയേക്കാൾ അൽപം വലിപ്പമുള്ള കല്ലാണ് എറിയാനായി ശേഖരിക്കേണ്ടത്. ഹജ്ജ് ആരംഭിക്കുന്നതിന് മുമ്പും കല്ല് ശേഖരിക്കാം

## വർജ്ജിക്കേണ്ടവ

- ☒ മുസ്ദലിഫയിലെത്തിയാൽ ആദ്യം കല്ല് ശേഖരിക്കുക.
- ☒ മുസ്ദലിഫയിൽ നിന്ന് തന്നെ കല്ല് പെറുക്കണമെന്ന വിശ്വാസം.
- ☒ സംസം വെള്ളത്തിലും മറ്റും കല്ല് കഴുകൽ ഇത് നബിചര്യയിൽ സ്ഥിരപ്പെട്ടുവരാത്തതാണ്.
- ☒ കഫൻ പുടവ സംസം വെള്ളത്തിൽ കഴുകി ഉണക്കുക. ഇത് പാടില്ലാത്തതാണ്. കാരണം നാം എവിടെവെച്ച് മരിക്കുമെന്നതിന്ന് രേഖയില്ല മക്കയിൽ വെച്ച് മരിച്ചാൽ തന്നെ കഫൻ പുടവ സംസം വെള്ളത്തിൽ കഴുകിയതായി ഹദീസ് ഗ്രന്ഥങ്ങളിൽ സ്ഥിരപ്പെട്ടിട്ടുമില്ല.

## ദുൽഹിജ്ജ പത്ത്

ലോകത്തിന്റെ വ്യത്യസ്ത ഭാഗത്തുള്ള മുസ്ലിംകൾ മിനയിൽ ഒരുമിച്ചുകൂടി ദൈവാനുഗ്രഹത്തിൽ സന്തോഷിക്കുകയും ദൈവപ്രീതിക്കായി തങ്ങളുടെ ബലികർമവും ഹദ്‌യും വുദുഹിയത്തും നിർവഹിക്കുകയും ചെയ്യുന്ന ദിവസമാണ്. അന്ന് ഹാജി ആദ്യം ചെയ്യേണ്ട കർമം ജംറത്തുൽ അഖബയിൽ ഏഴ് കല്ലെറിയുകയാണ് ശേഷം തൽബിയത്ത് നിറുത്തി പെരുന്നാളിന് ചൊല്ലുന്ന തക്ബീറാണ് ചൊല്ലേണ്ടത്. തക്ബീറിന്റെ ഒന്നിലധികം രീതി ഹദീസുകളിൽ കാണാം ഒരു രൂപം മാത്രം താഴെ കൊടുക്കുന്നു

**الله أكبر الله أكبر الله أكبر لآإله إلا الله الله أكبر الله أكبر ولله الحمد**

## കല്ലേറിൽ സംഭവിക്കാവുന്ന അബദ്ധങ്ങൾ

- ❖ പിശാചിനെ എറിയുകയാണെന്ന വിശ്വാസത്തില്‍ ശക്തിയായും വെറുപ്പോടെയും എറിയുക അല്ലാഹു ദൈവസ്മരണ നിലനിറുത്താ നാണ് കല്ലെറിയല്‍ നിയമമാക്കിയത്.
- ❖ ചെരിപ്പ്,വലിയകല്ല്,ഷൂ, മരക്കഷ്ണങ്ങള്‍ പോലുള്ളവ കൊണ്ടെറിയല്‍.
- ❖ എല്ലാവരും തന്‍റെ സഹോദരന്‍മാരാണെന്ന ചിന്തയോട് കൂടി സൗമ്യമായി പെരുമാറുകയും ക്ഷമാപൂര്‍വം എറിയുകയും ചെയ്യുന്നതിന് പകരം. തിക്കും തിരക്കും കൂട്ടി എറിയുക. കല്ല് ഫലകത്തില്‍ തട്ടണമെന്നില്ല തടത്തിന്‍റെ ഉള്ളില്‍ വീണാല്‍ മതി.
- ❖ എല്ലാ കല്ലും ഒരുമിച്ചെറിയുക ഇത് ഒരു ഏറ് മാത്രമായെ പരിഗണിക്കുകയുള്ളൂ ഒന്നിന് പുറകെ മറ്റൊന്നായി ഓരോ കല്ല് വീതം അല്ലാഹു അക്ബര്‍ എന്ന് പറഞ്ഞാണ് എറിയേണ്ടത് ഈ രീതിയാണ് എല്ലാ ഏറിനും സ്വീകരിക്കേണ്ടത്.

ഏറ് കഴിഞ്ഞാല്‍ അടുത്തകര്‍മം ബലിയറുക്കലാണ് ശേഷം മുടികളയുകയോ വെട്ടുകയോ ചെയ്യുക. കളയലാണ് കൂടുതല്‍ പുണ്യകരമായത്. ഇതോട് കൂടി ഒന്നാമത്തെ തഹല്ലുലായി അതായത് ലൈംഗികബന്ധമല്ലാത്ത എല്ലാം അനുവദനീയമായി.അന്നേ ദിവസം ചെയ്യേണ്ട കര്‍മമാണ് **ത്വവാഫുല്‍ഇഫാദ** അതായത് ഹജ്ജിന്‍റെ റുക്നില്‍ പെട്ട ത്വവാഫ് ഇത് നിര്‍വഹിക്കാതെ ഹജ്ജ് സ്വീകാര്യമല്ല ഒന്നാമത്തെ രീതി(തമത്തുഅ്) സ്വീകരിച്ചവര്‍ സഅ്യും ചെയ്യണം മക്കയില്‍ ചെന്നാലുള്ള ആദ്യത്തെ ത്വവാഫിന്‍റെ കൂടെ സഅ്യ് ചെയ്യാത്ത ഖാരിനും മുഫ്‌രിദിനും സഅ്യ് ചെയ്യണം. ത്വവാഫുല്‍ ഇഫാദയുടെ ആരംഭ സമയം മാത്രമേ ഹദീസില്‍ വന്നിട്ടുള്ളൂ അവസാന സമയം പറയാത്തതിനാല്‍ ദുല്‍ഹിജ്ജ അവസാനത്തിലും ചെയ്യാം.

- ✓ മേല്‍സൂചിപ്പിച്ചത് പോലെ ത്വവാഫും സഅ്യും ഏഴ് ചുറ്റലാണെന്നകാര്യം ഓര്‍ക്കുമെല്ലോ.
- ✓ ത്വവാഫുല്‍ ഇഫാദ ദുല്‍ഹജ്ജ് പത്തിനേക്കാള്‍ പിന്തിപ്പിക്കല്‍ അനുവദനീയമാണ്. ത്വവാഫുല്‍ വിദാഇന്‍റെ കൂടെയും ഈ ത്വവാഫ് ചെയ്യാം അപ്പോള്‍ രണ്ടിന്നുമുള്ള നിയ്യത്ത് മനസ്സില്‍ കരുതണമെന്ന് മാത്രം.

**ത്വവാഫുല്‍ഇഫാദ** (ഹജ്ജിന്‍റെ റുക്നായ ത്വവാഫ്) ഏറ്,മുടി കളയല്‍ എന്നിവ പൂര്‍ത്തിയാക്കിയാല്‍ ലൈംഗികബന്ധവും അനുവദനീയമായി. (ദുല്‍ഹജ്ജ് പത്തിലെ കര്‍മങ്ങള്‍ ക്രമം തെറ്റിക്കുന്നതില്‍ തകരാറില്ല. അതായത് ഒരാള്‍ ആദ്യം മുടി കളഞ്ഞു ശേഷം ത്വവാഫ് മറിച്ചും ചെയ്യാം)

## أيام التشريق(അയ്യാമുത്തശ്‌രീഖ്)

ദുല്‍ഹിജ്ജ 11,12,13 ദിവസങ്ങളുടെ രാത്രികളില്‍ മിനയില്‍ രാപാര്‍ക്കല്‍ വാജിബാത്തുകളില്‍പെട്ടതാകുന്നു ധൃതിയുള്ളവന് 13 ന്‍റെ രാത്രി താമസിക്കേണ്ടതില്ല. പന്ത്രണ്ടിന്ന് സൂര്യന്‍ അസ്തമിക്കുന്ന തിന് മുമ്പ് മിന വിടണമെന്ന് മാത്രം മിന വിടാത്തവര്‍ അന്ന് കൂടി മിനയില്‍ രാപാര്‍ത്ത് 13 നും കൂടി എറിയണം.

**وَاذْكُرُوا اللَّهَ فِي أَيَّامٍ مَعْدُودَاتٍ فَمَنْ تَعَجَّلَ فِي يَوْمَيْنِ فَلَا إِثْمَ عَلَيْهِ وَمَنْ تَأَخَّرَ فَلَا إِثْمَ عَلَيْهِ لِمَنِ اتَّقَى وَاتَّقُوا اللَّهَ وَاعْلَمُوا أَنَّكُمْ إِلَيْهِ تُحْشَرُونَ.**

എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുക(അവയിൽ) രണ്ടു ദിവസം കൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്ന പക്ഷം അവന് കുറ്റമില്ല.(ഒരുദിവസവുംകൂടി)താമസിച്ചു പോരുന്നവന്നും കുറ്റമില്ല. സൂക്ഷ്മത പാലിക്കുന്നവന്ന് (അതാണ് ഉത്തമം). നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമെന്ന് മനസ്സിലാക്കുകയും ചെയ്യുക. ( അൽബഖറ 203)

## അയ്യാമുത്തശ്‌രീക്കിന്റെ ദിവസങ്ങളിൽ ചെയ്യേണ്ടകർമങ്ങൾ

പ്രധാന കർമം മൂന്ന് ജംറകളിൽ കല്ലെറിയലാണ് സൂര്യൻ ആകാശ മദ്ധ്യത്തിൽ നിന്ന് തെറ്റിയ ശേഷമാണ് എറിയേണ്ടത്, ആദ്യം എറിയേണ്ടത് മസ്ജിദുൽ ഖൈഫിന്നടുത്തുള്ള ഒന്നാമത്തെ ജംറയിലാണ് ശേഷം മദ്ധ്യ ഭാഗത്തുള്ളതിലും പിന്നീട് മൂന്നാമത്തെ(കുബ്റ) ജംറയിലും മൂന്ന് ദിവസവും ഇപ്രകാരം ചെയ്യുക. ഒന്നിന് പുറകെ മറ്റൊന്നായി ഓരോ കല്ല് വീതം അല്ലാഹു അക്ബർ എന്ന് പറഞ്ഞാണ് ഓരോ ജംറകളിലും എറിയേണ്ടത്. ഒന്നാമത്തേയും രണ്ടാമത്തേയും ജംറകളിൽ എറിഞ്ഞതിന് ശേഷം ഖിബ്‌ലക്ക് നേരെ തിരിഞ്ഞ് കൈ ഉയർത്തി പ്രാർത്ഥിക്കൽ സുന്നത്താണ്. ഒന്നിൽ ജംറ പ്രാർത്ഥിക്കുന്നവന്റെ വലതുഭാഗത്തും രണ്ടിൽ ജംറ പ്രാർത്ഥിക്കുന്നവന്റെ ഇടതു ഭാഗത്തുമാകുന്ന നിലയിലാണ് പ്രാർത്ഥനക്ക് സാധ്യമെങ്കിൽ നിൽക്കേണ്ടത്. പ്രാർത്ഥിക്കുമ്പോൾ തിരക്കൊഴിഞ്ഞ സ്ഥലത്തേക്ക് മാറി നിൽക്കലാണ് മനസ്സാന്നിധ്യത്തിനും മറ്റുള്ളവർക്ക് ശല്യമില്ലാതിരിക്കാനും നല്ലത്. മൂന്നാമത്തെ ജംറയിൽ എറിഞ്ഞതിന് ശേഷം പ്രാർത്ഥനയില്ല. കല്ലെറിയാൻ സാധിക്കാത്ത ഹാജിമാർക്ക് മറ്റൊരാളെ ചുമതലപ്പെടുത്താം അയാൾ സ്വന്തത്തിന് വേണ്ടി എറിഞ്ഞതിന് ശേഷം മറ്റൊരാൾക്ക് വേണ്ടി എറിയാം **പ്രാർത്ഥിക്കുമ്പോൾ ശിർക്കില്ലാത്ത പ്രാർത്ഥനകൾ തെരെഞ്ഞെടുക്കണം. ബഹുദൈവാരാധന കുത്തിനിറച്ച പ്രാർത്ഥനകൾ പല ഹാജിമാരുടേയും വശം കണ്ടിട്ടുണ്ട് ശിർക്ക് കലർന്ന കർമങ്ങൾ അല്ലാഹു സ്വീകരിക്കുകയില്ല.** അല്ലാഹു കർമങ്ങൾ സ്വീകരിക്കുന്നവരിൽ നമ്മെ ഉൾപ്പെടുത്തട്ടെ. ബാക്കി സമയങ്ങളിലും പ്രാർത്ഥന ദിക്റ് എന്നിങ്ങനെ ദൈവ പ്രീതി കരസ്ഥ മാക്കാനുതകുന്ന കർമങ്ങൾ ചെയ്യാനാണ് നാം കൂടുതൽ ശ്രദ്ധിക്കേണ്ടത്. പവിത്രഭൂമിയിലേക്ക് ഇനി വരാൻ സാധിക്കുമെന്നതിന് യാതൊരു ഉറപ്പുമില്ലല്ലോ കിട്ടിയ അവസരം പരമാവധി ഉപയോഗിക്കുക.

## طواف الوداع (വിടവാങ്ങൽ ത്വവാഫ്)

ഹജ്ജിന്റെ റുക്നുകള് വാജിബാത്തുകള് എന്നിവ പൂർത്തിയാക്കി മക്കവിടുന്നതിന് മുമ്പ് മാത്രം ചെയ്യേണ്ട കർമമാകുന്നു വിടവാങ്ങൽ ത്വവാഫ്.

**لاَ يَنْفِرَنَّ أَحَدٌ حَتَّى يَكُونَ آخِرُ عَهْدِهِ بِالْبَيْتِ(متفق عليه)**

'നിങ്ങളിലൊരാൾ ഹജ്ജ് കർമത്തിന്റെ ഉപസംഹാരമായി കഅ്ബയെ ത്വവാഫ് ചെയ്തുകൊണ്ടല്ലാതെ മക്ക വിടരുത് (ബുഖാരി) ഈ ത്വവാഫ് ഹജ്ജിന്റെ വാജിബാത്തുകളിൽപെട്ടതായതിനാൽ ഇത് ചെയ്യാത്തപക്ഷം ബലി കൊടുക്കണം ആർത്തവകാരികളും പ്രസവാശുദ്ധിയുള്ളവരും ഈ ത്വവാഫ് ചെയ്യേണ്ടതില്ല അതിന്നായി അവർക്ക് വേറെ പ്രായശ്ചിത്തവുമില്ല. എന്നാൽ ത്വവാഫുൽഇഫാദയുടെ കാര്യത്തിൽ ആർക്കും ഇളവില്ലെന്ന കാര്യം മറക്കാതിരിക്കുക. ഹജ്ജ് കഴിഞ്ഞ് മടങ്ങിപ്പോരുമ്പോൾ മുൻഭാഗം മസ്ജിദുൽ ഹറാമിന് നേരെ തിരിച്ച് പുറകോട്ട് നടക്കുന്ന സ്വഭാവം നബി (സ) യുടെ മാതൃകയിലില്ലാത്തതാണ്.

# അവസാനമായി

ബഹുദൈവാരാധനയുടെ അപകടം ബോധ്യപ്പെടുത്തുകയാ യിരുന്നു മുഴുപ്രവാചകൻമാരുടേയും മുഖ്യ പ്രബോധന വിഷയം. എന്നാൽ സങ്കടകരമെന്ന് പറയട്ടെ! തൗഹീദ് സ്ഥാപിക്കാൻ വേണ്ടി നിർമിക്കപ്പെട്ട പരിശുദ്ധ ഭവനത്തിന്നടുത്ത് വെച്ച് പോലും ജനങ്ങൾ അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുന്നു അല്ലാഹു നമുക്കെല്ലാവർക്കും നേർവഴി നൽകുമാറാകട്ടെ. ഹജ്ജ് കർമം കഴിഞ്ഞ് തിരിച്ച് പോകുമ്പോൾ നാം ചെയ്ത കർമത്തെക്കുറിച്ചും അതിന്റെ മഹത്വത്തെക്കുറിച്ചും ഒന്നുകൂടി ആലോചിക്കുക. അല്ലാഹുവിനെ ധാരാളം സ്തുതിക്കുക.(الْحَمْدُ لله) അതിയായ ആഗ്രഹം ഉണ്ടായിട്ടും വ്യത്യസ്തകാരണങ്ങളാൽ ഇവിടെ എത്തിച്ചേരാൻ കഴിയാത്തവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ മറക്കാതിരിക്കുക. ശേഷം നമ്മുടെ ജീവിതം ഇസ്‌ലാമികാധ്യാപനങ്ങൾക്കനുസൃതമായി ചിട്ടപ്പെടുത്താൻ കഴിവിൻപടി ശ്രമിക്കുക.പ്രത്യേകിച്ച് സമ്പാദ്യം അനുവദനീയമാക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗരൂകരാവുക. ഹജ്ജിന്റെ കർമങ്ങൾ നബി(സ) ചെയ്തത് പോലെ യായിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കുക. എങ്കിൽ മാത്രമേ അല്ലാഹു അത് സ്വീകരിക്കുകയുള്ളൂ. സാധാരണ പള്ളികളിൽ ജമാഅത്തായി നമസ്കരിച്ചാൽ 27 ഇരട്ടി പ്രതിഫലമാണെങ്കിൽ മസ്ജിദുൽ ഹറാമിൽ ഒരു ലക്ഷമാണ് പ്രതിഫലം, എല്ലാ ജമാഅത്തിലും പങ്കെടുക്കുക.കൂടുതൽ ദിവസങ്ങൾ മക്കയിൽ ചിലവഴിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. അല്ലാഹു നമ്മുടെ ഹജ്ജും ഉംറയുമടങ്ങുന്ന എല്ലാ കർമങ്ങളും സ്വീകരിക്കുകയും നരകത്തിൽ നിന്ന് നമ്മെ കാത്തു രക്ഷിക്കുകയും ചെയ്യുമാറാകട്ടെ. നാഥാ ഞങ്ങളിൽ അറിവില്ലായ്മ മൂലമോ മറവി മൂലമോ സംഭവിച്ച വീഴ്ചകൾമൂലം ഞങ്ങളെ ശിക്ഷിക്കരുതേ.

# പ്രായശ്ചിത്തം

**ഇഹ്റാമിൽ വിരോധിച്ചവ ചെയ്താൽ**

**1 സംയോഗം**

ന്യൂനതകളില്ലാത്ത പശുവിനേയോ ഒട്ടകത്തേയോ അറുത്ത് മക്കയിലെ സാധുക്കൾക്ക് വിതരണം ചെയ്യുക അതിൽ നിന്ന് തിന്നാൻ പാടില്ല അടുത്തവർഷം തന്നെ വീണ്ടും ഹജ്ജ് ചെയ്യണം. സംയോഗംമൂലം ഹജ്ജ് ബാത്വിലാകുന്നു. എന്നാൽ ഒന്നാമത്തെ തഹല്ലുലിന് ശേഷമാണെങ്കിൽ ഹജ്ജ് ബാത്വിലാവു കയില്ല.പ്രായശ്ചിത്തമായി ഒരാടിനെ അറുത്ത് മക്കയിലെ പാവപ്പെട്ടവർക്ക് വിതരണം ചെയ്താൽ മതി.

**2 വിവാഹാന്വേഷണം ഇതിന്ന് പ്രത്യേക പ്രായശ്ചിത്തം നിശ്ചയിച്ചിട്ടില്ല**

**3 ശരീരത്തിലെമുടിനീക്കം ചെയ്യൽ**

മൂന്ന് ദിവസത്തെ നോമ്പ് അല്ലെങ്കിൽ ആറ്സാധുക്കൾക്ക് ധർമ്മം ചെയ്യൽ (ഓരോ സാധുവിനും ഒരുകിലോ അരിവീതം) അല്ലെങ്കിൽ ന്യൂനതകളില്ലാത്ത ആടിനെ അറുത്ത് വിതരണം ചെയ്യൽ ഇഹ്റാമിൽ നിഷിദ്ധമായ മറ്റെല്ലാത്തിനും ഈപ്രായശ്ചിത്തമാണ് നൽകേണ്ടത് തമത്തുഅ്, ഖിറാൻ രീതി സ്വീകരിച്ചവർ ആട് മാടൊട്ടകങ്ങളിൽ ഒന്നിനെ ബലി(ഹദ്യ്) കൊടുക്കണം ഒട്ടകം പശു എന്നിവയിൽ ഏഴാളുകൾക്ക് വരെ പങ്ക് ചേരാം സാധ്യമല്ലെങ്കിൽ മൂന്ന് നോമ്പ് ഹജ്ജിന്റെ സമയത്തും ബാക്കി നാട്ടിലേക്ക് മടങ്ങിയതിന് ശേഷവും (ആകെ പത്ത്) നിർവഹിക്കുക.

**4 വേട്ടയാടിയാൽ**

വേട്ടമൃഗത്തിന് തുല്ല്യമായ മൃഗത്തെ ബലിയറുക്കുക അല്ലെങ്കിൽ തതുല്ല്യമായതിന്റെ വിലക്കു ഭക്ഷണം വാങ്ങി ഒരാൾക്ക് അരസാഅ് വീതം വിതരണം ചെയ്യുക.

# അറിഞ്ഞിരിക്കേണ്ടവ

**സൗജന്യ ചികിത്സ:** മക്കയിലെയും, മദീനയിലെയും എല്ലാ സർക്കാർ ആശുപത്രിയിലും ഹാജിമാർക്ക് സൗജന്യ ചികിത്സ ലഭിക്കുന്നു.

**മക്ക, മദീന, മിന, മുസ്ദലിഫ, എന്നീ സ്ഥലങ്ങളിൽ ഈ ചിഹ്നം കാണുന്ന സ്ഥലത്ത് വഴിതെറ്റിയ ഹാജിമാരെ സഹായിക്കുന്നു.വഴി തെറ്റിയ ഹാജിമാർ ഈ ഈചിഹ്നം കാണുന്ന ഓഫീസിലെത്തുക.**

**പരാതി:** മുതവ്വിഫുമായി ബന്ധപ്പെട്ടതും മറ്റുമുള്ള ഹജ്ജ് സംബന്ധമായ കാര്യമാത്ര പ്രസക്തമായ എല്ലാപരാതികളും (വെള്ളം വെളിച്ചം പോലുള്ളവ) അയക്കേണ്ടത് താഴെ കൊടുത്ത നമ്പറിലാണ്. ഫാക്സ് മുഖേനയോ നേരിൽ ബോധിപ്പിക്കുകയോ ചെയ്യാം. നിങ്ങൾ ഇവിടെ വന്നിറങ്ങുന്നതോട് കൂടി മുതവ്വിഫിന്റെ ഉത്തരവാദിത്വത്തിലായി. മുതവ്വിഫിന്റെ ഫോൺ നമ്പർ എപ്പോഴും കൈവശം വെക്കുക. **(പരാതി കൊടുക്കേണ്ട അഡ്രസ്സ്: ഹജ്ജ് മന്ത്രാലയബ്രാഞ്ച് ഓഫീസ്, പരാതി സെൽ, റുസൈഫാ, ഉമ്മുൽ ഖുറാ ആശുപത്രിക്ക് സമീപം, ഫോൺ: 5308200 Ext: 1103,1107 Fax: 5307200)** ഈ അഡ്രസ്സിൽ നാട്ടിൽ നിന്നും പരാതി അയക്കാം നേരിൽ കൊടുക്കലാണ് കൂടതൽ നല്ലത്.പേര് പാസ്പോർട്ട് നമ്പർ അഡ്രസ്സ് എന്നിവ വ്യക്തമായി പരാതിയിൽ ഉണ്ടായിരിക്കണം. മക്കാ അമീറിന്നും പരാതി കൊടുക്കാം. (**The Prince of Holy Makka Governorate, Holy Capital Makka, K.S.A**) പരാതി ഇംഗ്ലീഷിലൊ അറബിയിലോ ആയിരിക്കണം തയാറാക്കേണ്ടത്.

**ഉന്തുവണ്ടി:** ത്വവാഫ് പോലുള്ള കർമങ്ങൾക്ക് നടക്കാൻ സാധിക്കാത്തവർക്ക് നിശ്ചിത തുകയോ ഇഖാമയോ കൊടുത്താൽ ഉന്തുവണ്ടി ലഭിക്കും വണ്ടി തിരിച്ചേൽപ്പിക്കുമ്പോൾ തുക തിരിച്ച് ലഭിക്കും ബന്ധുക്കൾക്ക് ഇവ ഉപയോഗിച്ച് ഹാജിയെ ത്വവാഫ്, സഅ്യ് എന്നിവക്ക് സഹായിക്കാം.

**ടാക്സി:** പല ടാക്സികളും ഹജ്ജ്കാലം പണം വാരിക്കൂട്ടാനുള്ള അവസരമായി കാണുന്നു. വിഷമമില്ലെങ്കിൽ നടക്കലാണ് കൂടുതൽ നല്ലത് പ്രത്യേകിച്ച് ദുൽഹിജ്ജ ആദ്യം മുതൽ ഹജ്ജ് കഴിയുന്നത് വരെ ഇനി കയറേണ്ടി വന്നാൽ വണ്ടി നമ്പർ കുറിച്ചെടുക്കാൻ മറക്കാതിരിക്കുക. പലരുടേയും പണം നഷ്ടപ്പെട്ട സംഘടം നേരിൽ കേൾക്കാൻ സാധിച്ചിട്ടുണ്ട്. അവനവന്റെ സാധനങ്ങൾ ഭദ്രമായി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം തന്നിൽ തന്നെയാണെന്ന കാര്യം മറക്കാതിരിക്കുക

**മരണം:** എവിടെ വെച്ചും സംഭവിക്കാമെല്ലോ ഹാജി മരിച്ചാൽ ആദ്യം മുതവ്വിഫിനെ അറിയിക്കുക കഫൻ പുടവയടക്കം സൗജന്യമായി ലഭിക്കുന്നു യാതൊരു ചെലവും നൽകേണ്ടതില്ല.

**ഭക്ഷണം:** അറഫ, മിനാ,മുസ്ദലിഫ എന്നിവിടങ്ങളിൽ ഉദാരമനസ്കരുടെ വക സൗജന്യമായി ഭക്ഷണം വിതരണം ചെയ്യുന്നു. വാങ്ങി ഉപയോഗിക്കാം അവർക്ക് വേണ്ടി പ്രാർത്ഥിക്കുമെല്ലൊ.. മിനയിലാണല്ലൊ കൂടുതൽ താമസിക്കേണ്ടി വരിക മിനയിലേക്ക് പോകുമ്പോൾ അവിൽ പോലുള്ള ഭക്ഷണങ്ങൾ കൊണ്ടു പോകലാണ് നല്ലത് ചിലപ്പോൾ യഥാസമയം ഭക്ഷണം ലഭിച്ചു കൊള്ളണമെന്നില്ല.

**കുത്തിവെപ്പ്:** മെനിൻജൈറ്റിസ്(മസ്തിഷ്ക ചർമവീക്കം) തലച്ചോറിന്റെ ബാഹ്യ ഭാഗത്ത് നീരുവന്ന് വീർക്കുന്ന ഒരുപകർച്ചവ്യാധിയാകുന്നു ഇതിനെ പ്രതിരോധിക്കാൻ വേണ്ടി നടത്തുന്നതാണ് ഈ കുത്തിവെപ്പ് ആഭ്യന്തര വൈദേശിക ഹാജിമാരുടെ സുരക്ഷക്ക് വേണ്ടിയാണിത് ചെയ്യുന്നത് നാട്ടിൽ നിന്ന് ചെയ്യാൻ സാധിക്കാതെ വന്നാൽ മക്കയിലെയും മദീനയിലേയും ആശുപത്രികളിൽ സൗജന്യമായി നടത്തുന്നു. എന്നാൽ ഹാജിക്ക് മുതവ്വിഫ് നൽകുന്ന കാർഡ്, വള പോലുള്ളത് ഏത് സമയത്തും കൈവശം വെക്കുക. ഏതൊരു പ്രശ്നത്തിലും നിങ്ങൾക്ക് സഹായകമായിരിക്കും. ഞാൻ ഹാജിയാണെന്ന് നിങ്ങൾ പരിജയപ്പെടുത്താതെത്തന്നെ ബന്ധപ്പെട്ട വർക്ക് മനസിലാക്കാൻ ഇത് സഹായകമാകും.

**കീസ്:** നിങ്ങളുടെ ചെരുപ്പ് പോലുള്ളവ ഹറമിലേക്ക് പോകുമ്പോൾ കീസിലിട്ട് കൈവശം വെച്ചാൽ നഷ്ടപ്പെടുകയില്ല.സാധാരണ പള്ളിയിൽ വെക്കുന്നത് പോലെ വെച്ചാൽ തിരിച്ച് കിട്ടിക്കൊള്ളണമെന്നില്ല.

**മുടി കളയൽ:** മുടി കളയാനും വെട്ടാനുമെല്ലാം ബന്ധപ്പെട്ടവർക്ക് അംഗീകാരം നൽകിയ കാർഡ് ഗവൺമെന്റ് നൽകുന്നു. ഇത് അവരുടെ കഴുത്തിൽ തൂക്കിയിടണമെന്നാണ് നിയമം, ഹാജിമാർ നോക്കി ഉറപ്പു വരുത്തുക. പലവ്യാജ ബാർബർമാരും പവിത്രഭൂമിയിൽ ഹാജിമാരെ ചൂഷണം ചെയ്യാറുണ്ട് .

**ഭക്ഷ്യവസ്തുക്കൾ:** കൊണ്ടു വരാൻ അനുവദിച്ച കണക്കനുസരിച്ച് നാട്ടിൽ നിന്ന് കൊണ്ടുവന്നാൽ ചെലവ് കുറക്കാൻ സാധിക്കും അനുവദിച്ച സാധനങ്ങളുമായി ബന്ധപ്പെട്ട വിവരം ഹജ്ജ് കമ്മിറ്റിയുടെ ഓഫീസിൽ നേരിട്ട് അന്വേഷിക്കുക.

**മുസല്ല: (കമ്പളം)** ഒന്ന് കൈവശമുണ്ടാകുന്നത് നമസ്കരിക്കാൻ സഹായകമാകും

**യാത്ര:** ഏതൊരു രാജ്യത്തേക്ക് പോകുമ്പോഴും ആനാട്ടിലെ പൊതു നിയമങ്ങൾ മാനിക്കേണ്ടതാണ് അത് കൊണ്ട് തന്നെ അതാത് രാജ്യത്തെ നിയമങ്ങൾ അറിഞ്ഞിരിക്കൽ അനിവാര്യമാണ്

കള്ളിമുണ്ട്, മടക്കിക്കുത്തൽ,പുകവലി എന്നിങ്ങനെ ചില പ്രത്യേക സ്വഭാവങ്ങൾ കേരളീയർക്കുണ്ട് ഇത് ചുറ്റുപാട് മനസ്സിലാക്കാതെ ഉപയോഗിക്കുന്നത് മൂലം പല ഹാജിമാർക്കും പ്രയാസങ്ങൾ സൃഷ്ടിക്കാറുണ്ട് ഒരു റൂമിൽ ഒന്നിലധികം ആളുകളുണ്ടാവുമെല്ലോ ഒരാൾ പുകവലിച്ചാലുള്ള വിഷമം ഉൾകൊള്ളുമെല്ലോ(പുകവലി നിഷിദ്ധം-ഹറാം-മാകുന്നു) അറഫയിൽ വെച്ച് പോലും പുകവലിക്കുന്ന ഹാജിമാരെ കാണാം. പലരും നിയമപാലകരെ അനുസരിക്കാനും മടി കാണിക്കുന്നു. ലക്ഷങ്ങൾ ഒരുമിച്ച് ചേരുന്ന സ്ഥലത്ത് നാം പരമാവധി ക്ഷമിക്കാൻ തയ്യാറായേ മതിയാവൂ.

**അറവ്:** ഹദ്‌യ്,ഫിദ്‌യ എന്നിങ്ങനെ ഹാജിക്ക് അറുക്കൽ നിർബന്ധമായ അറവിന്ന് വേണ്ടി സൗദി ഗവൺമെന്റിന്റെ അംഗീകാരത്തോടെ I D B(**ഇസ്‌ലാമിക് ഡവല്മെന്റ് ബാങ്ക്) പോലെയുള്ള** ഇസ്‌ലാമിക് ബാങ്കുകൾ പ്രവർത്തിക്കുന്നു കൗണ്ടറിൽ പണമടച്ചാൽ നിങ്ങൾക്ക് രേഖ കൈപ്പറ്റാം. ഖാരിനും മുത്തമത്തിഅും നൽകേണ്ട ബലി ദുൽഹിജ്ജ 10,11,12,13 എന്നീ ദിവസങ്ങളിലാണ് അറുക്കേണ്ടത് എന്നാൽ പ്രായശ്ചിത്തമായി നൽകുന്ന ബലിക്ക് പ്രത്യേക

സമയമില്ല. ബാങ്കിൽ പണം ഏൽപിച്ചാൽ പിന്നീട് അവരുടെ അറവിന്റെ സമയമന്വേഷിച്ച് ബുദ്ധിമുട്ടിക്കുന്നവരും കുറവല്ല. ഓർക്കുക: ഹജ്ജിന്റെ സുഗമവും സൗകര്യപ്രദവുമായ നടത്തിപ്പിന് വേണ്ടി സൗദീ ഗവൺമെന്റ് ചെയ്യുന്ന തുല്ല്യതയില്ലാത്ത സേവനവും സംവിധാനവും അസൂയാവഹമാണെന്നത് പ്രത്യേകം സ്മർത്തവ്യമാണ് മുഷത് ലക്ഷത്തിലധികം വരുന്ന വ്യത്യസ്ത നാട്ടുകാർക്ക് ആദിത്യം നൽകുക എന്നത് നിസ്സാരമായി ഗണിച്ചുകൂടാ അതായത് നിങ്ങളുടെ അറവ് ഭംഗിയായിതന്നെ നിർവഹിക്കാൻ കഴിവുള്ള ഒരുഡിപ്പാർട്ട്മെന്റിനെത്തന്നെയാണ് അക്കാര്യം ചുമതലപ്പെടുത്തിയതെന്ന് സാരം. മറ്റു വിശ്വസ്ത സംവിധാനങ്ങളുണ്ടെങ്കിൽ ഏൽപിക്കാം. എന്നാൽ അറവിന്റെ ആനുകൂല്യം വാങ്ങി ഹാജിമാരെ വഞ്ചിക്കുന്ന ഒരു വിഭാഗത്തെ ഹജ്ജ് സീസണിൽ മക്കയുടെ പരിസരങ്ങളിൽ കാണാം ഇതിന്ന് വേണ്ടി നാട്ടിൽ നിന്ന് വരികയും പാവപ്പെട്ട ഹാജിമാരെ വഞ്ചിക്കുകയും ഇവർ ചെയ്യുന്നു. ദുൽഹിജ്ജ പത്തിന് അറുക്കേണ്ട ഹദ്‌യ് നേരത്തെ അറുത്ത് അതിന്റെ ഓഹരി പറ്റുന്നവരും മക്കയിലുണ്ടെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കേണ്ടി വന്നതിൽ ഖേദിക്കുന്നു.

ഹജ്ജ് സംബന്ധമായ മതപരമായ എല്ലാ സംശയങ്ങൾക്കും **800 245 1000** എന്ന നമ്പറിൽ ലാന്റ് ഫോണിൽ നിന്ന് സൗജന്യമായി വിളിക്കാവുന്നതും ഈചിഹ്നം കാണുന്ന സ്ഥലങ്ങളിൽ നിങ്ങളുടെ സംശയങ്ങൾ നേരിട്ട് ചോദിക്കാവുന്നതുമാണ്. മലയാളമടക്കം സൗദി ഗവൺമെന്റ് വിതരണം ചെയ്യുന്ന എല്ലാഭാഷകളിലുമുള്ള പുസ്തകവും ഇവിടെ വെച്ചാണ് വിതരണം ചെയ്യാറ്. വിവിധ ഭാഷക്കാരുടെ സേവനവും ഈ സ്ഥലങ്ങളിൽ ലഭ്യമാകുന്നു.

# താളുകളിലൂടെ


| | | |
|---|---|---|
| 1 | വിവർത്തകക്കുറിപ്പ് | 5 |
| 2 | ഹജ്ജിന്റെ മൂന്ന് രീതി | 6 |
| 3 | (തമത്തുഅ്) | 6 |
| 4 | (ഖിറാൻ) | 6 |
| 5 | (ഇഫ്റാദ്) | 7 |
| 6 | ഇഹ്റാമിൽ പ്രവേശിക്കാൻ നിശ്ചയിച്ച സ്ഥലങ്ങൾ (മീഖാത്തുകൾ) | 7 |
| 7 | തൽബിയത്ത് ചൊല്ലേണ്ട സമയം | 9 |
| 8 | ഇഹ്റാമിൽപ്രവേശിച്ചവർക്ക് നിഷിദ്ധമായവ | 9 |
| | പുരുഷൻമാർക്കുംസ്ത്രീകൾക്കും ബാധകമായവ | 10 |
| 9 | ഇഹ്റാമിൽ പ്രവേശിച്ചവനും മറ്റുള്ളവർക്കും ഒരുപോലെ ബാധകമായവ | 10 |
| 10 | പുരുഷൻമാർക്ക് മാത്രം ബാധകമായവ | 10 |
| 11 | സ്ത്രീക്ക് മാത്രം ബാധകമായവ | 10 |
| 12 | ഉംറ | 11 |
| 13 | ഇഹ്റാമിൽ പ്രവേശിച്ചവർക്ക് അനുവദനീയമായവ | 11 |
| 14 | മക്കയിലെത്തിയാൽ | 12 |
| 15 | ത്വവാഫിനിടയിൽ സംഭവിക്കാവുന്ന അബദ്ധങ്ങൾ | 16 |
| 16 | സഅ്യ് | 17 |
| 17 | ഹജ്ജ് | 19 |
| 18 | ഹജ്ജിന്റെ റുക്നുകൾ: | 19 |
| 19 | ഹജ്ജിന്റെ വാജിബാത്തുകൾ: | 19 |
| 20 | സുന്നത്തുകളിൽ ചിലത് | 20 |
| 21 | ദുൽഹിജ്ജ എട്ട് | 20 |
| 22 | ദുൽഹിജ്ജ ഒമ്പത് – അറഫ ദിനം | 21 |
| 23 | അറഫയിൽ സംഭവിക്കുന്ന അബദ്ധങ്ങൾ | 23 |
| 24 | മുസ്ദലിഫ | 23 |

| | | |
|---|---|---|
| 25 | **വർജ്ജിക്കേണ്ടവ** | 24 |
| 26 | **ദുൽഹിജ്ജ പത്ത്** | 24 |
| 27 | **കല്ലേറിൽ സംഭവിക്കാവുന്ന അബദ്ധങ്ങൾ** | 25 |
| 28 | **അയ്യാമു ത്തശ്രീഖ്** | 26 |
| 29 | **വിടവാങ്ങൽ ത്വവാഫ്** | 27 |
| 30 | **അവസാനമായി** | 28 |
| 31 | **പ്രായശ്ചിത്തം** | 28 |
| 32 | **അറിഞ്ഞിരിക്കേണ്ടവ** | 29 |

مناسك الحج خطوة....خطوة
وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المشرف العام
معالي الشيخ/ صالح بن عبد العزيز بن محمد آل الشيخ ( وزير الشؤون الإسلامية والأوقاف والدعوة والإرشاد)

جمع وإعداد الشيخ/ طلال بن أحمد العقيل

**أنواع النسك**

**المواقيت**

**المحظورات**

**طواف العمرة**

**سعي العمرة**

**يوم التروية**

**يوم عرفة**

**المزدلفة**

**يوم النحر**

**طواف الإفاضة**

**أيام التشريق**

**رمي الجمرات**

**طواف الوداع**

ترجمة / شاكر حسين بن محمد الصلاحي
المكتب التعاوني للدعوة والإرشاد وتوعية الجاليات بمحافظة ثادق والمحمل
المملكة العربية السعودية